ക്രിസോസ്റ്റം വലിയ തിരുമേനിയുമായി ഏറ്റവും കൂടുതൽ തവണ അഭിമുഖ സംഭാഷണം നടത്തി പ്രസിദ്ധീകരിക്കുവാനുള്ള അസുലഭ അവസരം എനിക്ക് ലഭിക്കുകയുണ്ടായി. 1994 മുതൽ 2007 വരെ പലയവസരങ്ങളിലും തുടർന്നു എല്ലാ മാസവും തിരുമേനിയുമായി നടത്തിയ അഭിമുഖ സംഭാഷണങ്ങൾ ന്യൂവിഷൻ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അഭിമുഖങ്ങളെല്ലാം ചേർത്ത് മൂന്ന് പുസ്തകങ്ങളിറക്കുവാനും സാധിച്ചു. പവ്വർ വിഷൻ ടിവിയ്ക്ക് വേണ്ടി അമ്പതോളം എപ്പിസോഡുകളിൽ അവതാരകനായി വരുവാനും എനിക്കവസരം ലഭിക്കുകയുണ്ടായി. അതു കൊണ്ട് തന്നെ തിരുമേനിയെ അടുത്തറിയുവാനുള്ള അവസരം എനിക്ക് ലഭിച്ചു.

തിരുമേനിയുടെ ജീവിതത്തിന്റെ ഓരോ ഘട്ടവും ഒരാഘോഷമായി തിരുമേനി കരുതുന്നതിനാൽ അഭിമുഖ സംഭാഷണങ്ങളെയും ഒരാഘോഷമായാണ് തിരുമേനിയെടുത്തിരുന്നത്. ഓടിച്ചെന്ന് ഒരഭിമുഖത്തിന് ശ്രമിച്ചാൽ തിരുമേനി അതിന് തയ്യാറാകില്ല. നേരത്തെ അപ്പോയന്റ്മെന്റ് എടുക്കണം. ആ സമയം തിരുമേനി അഭിമുഖത്തെ നേരിടുവാൻ തയ്യാറായിരിക്കും. ചായ സൽക്കാരവും തിരുമേനി ക്രമീകരിച്ചിരിക്കും. മറ്റ് ചില വാക്കുകളിൽ പറയുകയാണെങ്കിൽ അഭിമുഖ സംഭാഷണത്തിനുള്ള അന്തരീക്ഷം ഒരുക്കിയതിന് ശേഷം മാത്രമെ അഭിമുഖസംഭാഷണത്തിന് തിരുമേനി തയ്യാറാകുകയുള്ളു. ന്യൂവിഷൻ മാസികയ്ക്കു വേണ്ടി എല്ലാ മാസവും പലരുമായി അഭിമുഖ സംഭാഷണം നടത്താറുണ്ടെങ്കിലും ക്രിസോസ്റ്റം തിരുമേനിയുമായി നടത്തുന്ന അഭിമുഖ സംഭാഷണം കഴിയുമ്പോൾ ലഭിക്കുന്ന സംതൃപ്തി മറ്റ് പല അഭിമുഖ സംഭാഷണങ്ങൾക്കും ലഭിക്കാറില്ല. ഇതിന് പല കാരണങ്ങൾ ഉണ്ട്. ആരേയും ഭയപ്പെടാതെ, പറയുന്ന കാര്യത്തിൽ തിരുമേനി ഉറച്ച് തന്നെ നിൽക്കും. തന്റെ വിശ്വാസത്തിന്റെയും കാഴ്ചപ്പാടിന്റെയും അനുഭവത്തിന്റെയും പ്രതിഫലനമാണ് ഓരോ അഭിമുഖസംഭാഷണവും. എല്ലാ അഭിമുഖങ്ങളിലും തിരുമേനിയുടെ ദാർശനിക ഭാവം അനുഭവിച്ചറിയാം. ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങളെ സരസമായോ മറുചോദ്യമായോ തിരുമേനി നേരിടും. ഒരിക്കൽ മുടിയനായ പുത്രന്റെ കഥയെ ആസ്പദമാക്കിയായിരുന്നു ക്രിസോസ്റ്റം തിരുമേനിയുടെ പ്രസംഗം. പ്രസംഗം കഴിഞ്ഞപ്പോൾ പരമാർത്ഥിയായ ഒരു പെൺകുട്ടിക്കൊരു സംശയം. ''തിരുമേനി, മുടിയനായ പുത്രന്റെ അപ്പനു ഇത്രമാത്രം സ്നേഹം ഉണ്ടായിരുന്നെങ്കിൽ മകൻ ഇറങ്ങിപ്പോയപ്പോൾ തന്നെ പിറകെ പോയി വിളിച്ചു കൊണ്ടു വരുമായിരുന്നു.അല്ലെങ്കിൽ ബാല്യക്കാരെ വിട്ട് അന്വേഷിപ്പിക്കാമായിരുന്നു. ഇതൊന്നും അപ്പൻ ചെയ്തില്ല. എന്നിട്ട് ദീർഘ നാളുകൾക്ക് ശേഷം മകൻ ആകെ നശിച്ചു തിരികെ വന്നപ്പോൾ ആഘോഷിക്കുന്നു. ഇതിൽ എന്ത് ആത്മാർത്ഥത?'' .തിരുമേനി ഗൗരവമായി ആലോചിച്ചിട്ട് പറഞ്ഞു: ''എടീ കൊച്ചേ, എനിക്ക് ഭാര്യയും മക്കളും ഒന്നുമില്ല. വേണമെന്ന് വച്ചാലും ഇനി അതൊന്നും നടക്കത്തുമില്ല. അതുകൊണ്ട് ഒരപ്പനു മകനോട് തോന്നാവുന്ന സ്നേഹത്തെക്കുറിച്ച് എനിക്കറിയില്ല. പിന്നെ ചെയ്യാവുന്നത്..... നീ വലുതാവുമ്പം നല്ലയൊരു ചെറുക്കനെ വിവാഹം കഴിക്കണം. കുട്ടികൾ ഉണ്ടാകുമ്പോൾ ഭർത്താവിനോട് ചോദിക്കണം. ഇതിയാന് മക്കളോട് എത്രമാത്രം സ്നേഹം ഉണ്ടെന്ന്. എന്നെ, അതൊന്ന് എഴുതി അറിയിക്കയും വേണം''. പെൺകുട്ടിക്ക് മറുപടിയില്ലാതായി. മിക്ക യുവജന സമ്മേളനങ്ങളിലും തിരുമേനിയെ ഉത്തരം മുട്ടിക്കുവാൻ യുവജനങ്ങൾ ശ്രമിക്കാറുണ്ട്. ലോത്തിന്റെ ഭാര്യയുടെ പേര് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്തതിനാൽ തിരുമേനിയെ കുരുക്കുവാൻ ഒരു യുവാവ് ചോദിച്ചു. ''തിരുമേനി, ലോത്തിന്റെ ഭാര്യയുടെ പേരെന്താണ്?'' ''ഇയാൾ വിവാഹം കഴിച്ചതാണോ?'' ''അല്ല''. ''വല്ലവന്റെയും ഭാര്യയുടെയും പേരു തപ്പി നടക്കാതെ പോയി വിവാഹം കഴിക്കൂ''. തിരുമേനിയെ ചോദ്യം ചോദിച്ച് ഉത്തരം മുട്ടിക്കുവാൻ ആരെങ്കിലും ശ്രമിച്ചാൽ വിജയിക്കില്ലായെന്ന് സാരം.

ഒരിക്കൽ ഞാൻ ഊട്ടി സന്ദർശിച്ചപ്പോൾ ഗുരു നിത്യചൈതന്യയതി നാരായണഗുരുകുലത്തിൽ ഉണ്ടെന്നറിഞ്ഞത്. സമയം ഉള്ളതിനാൽ അദ്ദേഹവുമായി അഭിമുഖമായിക്കളയാമെന്ന് കരുതി. അദ്ദേഹത്തെ വേണ്ട രീതിയിൽ പഠിക്കാതെ രണ്ടു ദിവസമായി നടത്തിയ അഭിമുഖ സംഭാഷണം ചളമായതിന്റെ ഓർമകളുമായാണ് പത്തു ദിവസത്തന് ശേഷം ക്രിസോസ്റ്റം മെത്രാപ്പോലിത്തായെ കാണുവാനായി റാന്നിയിലെത്തിയത്. മുൻ അനുഭവം ഉണ്ടാവാതിരിക്കുവാൻ തിരുമേനിയെക്കുറിച്ചും മാർത്തോമ്മാ സഭയെക്കുറിച്ചും വായിക്കാവുന്ന എല്ലാ പുസ്തകങ്ങളും വായിച്ചിട്ടാണ് ഞാൻ അഭിമുഖസംഭാഷണത്തിനായി ചെന്നത്. തിരുമേനിയുടെ പ്രസംഗവും പ്രവർത്തനങ്ങളും തമ്മിലുള്ള അന്തരങ്ങൾ ചിലത് ചൂണ്ടിക്കാട്ടണമെന്നാഗ്രഹമുണ്ടായിരുന്നു. അഭിമുഖ സംഭാഷണത്തിന് എന്റെ ഒരു സഹപ്രവർത്തകൻ കൂടിയുണ്ടായിരുന്നു. അഭിമുഖ സംഭാഷണത്തിനിടയിൽ ഞാനൊരു ചോദ്യം ചോദിച്ചു.ക്രൈസ്തവ ബിഷപ്പുന്മാരുടെ

ജീവിതവും പ്രസംഗവും തമ്മിലുള്ള അന്തരം സഭയെ ക്രൈസ്തവേതരരുടെയിടയിൽ തരംതാഴ്ത്തുവാൻ ഇടയാക്കിട്ടില്ലെ?. തിരുമേനി ഏത് ഉത്തരം പറഞ്ഞാലും അതിന് മറുചോദ്യം എന്റെ കൈവശം ഉള്ളതിനാൽ വലിയ ആത്മവിശ്വാസത്തോടെയാണ് ചോദ്യം ചോദിച്ചത്. തിരുമേനിയെ ഉത്തരം മുട്ടിക്കാമെന്നു കരുതി. തിരുമേനി എന്റെ മുഖത്തേക്ക് നോക്കി മറുപടി പറഞ്ഞു: ലോകത്തിൽ പ്രസംഗിച്ചതു പോലെ ജീവിച്ച മൂന്നു വ്യക്തികളെയെനിക്കറിയാം. ഒന്ന്, കർത്താവായ യേശുവാണ്. ബാക്കി രണ്ടു പേർ നിങ്ങൾ രണ്ടു പേരാണ്. എന്റെ കൂടെയുണ്ടായിരുന്നയാൾ ശരിക്കും മഞ്ഞളിച്ചു പോയി. എന്റെ കാലിൽ തിരുമേനി കാണാതെ ചവുട്ടി. വടി കൊടുത്ത് അടി വാങ്ങേണ്ട ആവശ്യമുണ്ടായിരുന്നോ എന്നാണ് ചവിട്ടിന്റെ ഉദ്ദേശ്യമെന്നു എനിക്ക് മനസ്സിലായി. ചമ്മലറിയിക്കാതെ രണ്ട് ചോദ്യങ്ങൾ കൂടി ചോദിച്ചിട്ട് ഞങ്ങൾ സ്ഥലം വിട്ടു.

ക്രൈസ്തവ ബിഷപ്പുമാരെക്കുറിച്ചുള്ള സകല പരമ്പരാഗത ധാരണകളെയും വെല്ലുവിളിച്ചും പലതും തിരുത്തിക്കുറിച്ചുമായിരുന്നു തിരുമേനിയുടെ തൊണ്ണൂറുകളിലെ യാത്ര. അതിന് തിരുമേനി നൽകുന്ന മറുപടി ഇപ്രകാരമാണ്. -**എനിക്ക് ബിഷപ്പിനെക്കുറിച്ച് ചില സ്വപ്നങ്ങളുണ്ടായിരുന്നു. മാർത്തോമ്മാ മെത്രാപ്പോലിത്തയായപ്പോൾ അവയൊന്നും പ്രയോഗത്തിൽ കൊണ്ടു വരുവാൻ സാധിച്ചില്ല. കാരണം ഭരണ കാര്യങ്ങൾ തന്നെ ചെയ്തു തീർക്കുവാൻ സമയം ലഭിച്ചിരുന്നില്ല. റിട്ടയാർ ചെയ്തപ്പോൾ മുമ്പുണ്ടായിരുന്ന ബന്ധങ്ങളും കാഴ്ചപ്പാടുകളും പ്രായോഗിക ജീവിതത്തിൽ കൊണ്ടു വരാൻ സാധിച്ചു. ജീവിതം ഒരു തുടർച്ചയാണ്. ഓരോ ഘട്ടവും ഓരോ ആഘോഷമാണ്.**

കമ്മ്യൂണിറ്റി ബിൽഡിംങ് അപ്

ജാതി മത ചിന്തകൾക്കതീതമായ *കമ്മ്യൂണിറ്റി ബിൽഡിംങ് അപ്* ആണ് തിരുമേനിയുടെ സ്വപ്നവും ദർശനവും. പള്ളിയാരാധന കഴിഞ്ഞാലുടൻ സ്ഥലം വിടുന്ന രീതി മാറണമെന്ന് തിരുമേനി അഭിപ്രായപ്പെടുന്നു. കുറെ നേരം എല്ലാവരുമായി സംസാരിക്കണം. അപ്പോഴായിരിക്കുമറിയുന്നത് *മറിയാമ്മ* ആശുപത്രിയിലായ കാര്യം. നോക്കുവാൻ ആരുമില്ല. പണത്തിന് കുറവുണ്ട്. ഉടനെ അവിടെ കൂടിയിരുന്നവരെല്ലാം കൂടി ഒത്തു ചേർന്ന് പണം പിരിച്ചെടുത്ത് മറിയാമ്മയെ കാണുവാൻ പോകുന്നു. തിരുമേനി ചോദിക്കുന്നു: അതൊരു *റീ ക്രീയേഷനല്ലെ.* ബന്ധങ്ങൾ കൂടുതൽ ശക്തമാകുന്ന അവസരമാണ്. പള്ളിയാരാധന കഴിഞ്ഞു എല്ലാവരും ചായയും ബിസ്ക്കറ്റും കഴിച്ചിട്ടെ പോകാവൂ എന്നൊരിക്കൽ തിരുമേനി പറഞ്ഞു. ചായ കുടിക്കുന്ന അവസരത്തിലെങ്കിലെങ്കിലും അല്പം സംസാരിക്കട്ടെയെന്ന് കരുതിയാണ് പറഞ്ഞത്. അത് ഫലിച്ചു. പണം ഉണ്ടാകുന്നത് കൊണ്ട് സന്തോഷം ലഭിക്കുകയില്ല. പണമല്ല ജീവിതവിജയത്തിനാധാരം. നാം എത്രമാത്രം കമ്മ്യൂണിറ്റിയുടെ ഭാഗമാകുന്നുവെന്നതിനെയാശ്രയിച്ചാണ് ജീവിതത്തിൽ സന്തോഷമുണ്ടാകയുള്ളുവെന്നാണ് തിരുമേനിയുടെ അഭിപ്രായം. അപ്പോൾ മാത്രമെ വിനോദമുണ്ടാകയുള്ളു. പഴയ ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിൽ കൂടിയും പുതിയ ബന്ധങ്ങൾ ഉണ്ടാകുന്നതിൽ കൂടിയും തിരുമേനി മറ്റുള്ളവരുമായി സന്തോഷം പങ്കിടുകയാണ്. ഒരു കമ്മ്യൂണിറ്റിയെ സ്ഥിരമായി സഹായിച്ച് പൂർണ്ണതയിലേക്ക് നയിക്കുന്നതിനെക്കുറിച്ച് തിരുമേനി എപ്പോഴും പറയുന്നു. തിരുമേനി ഇത് വ്യക്തമാക്കുവാൻ ഒരു കഥ പറയാറുണ്ട്. ഒരാശുപത്രിയിൽ സേവനസന്നദ്ധനായ ഒരു ഡോക്ടറുണ്ട്. ഏതാവശ്യം വന്നാലും ഉടനദ്ദേഹം ശുശ്രൂഷയാരംഭിക്കും. ഒരിക്കൽ ഒരു ആക്സിഡന്റ് പറ്റി ധാരാളം പേരെ ആശുപത്രിയിലേക്ക് കൊണ്ടു വന്നു. ഡോക്ടർ ഉടനെ രംഗത്തിറങ്ങി. കാലിലെ മുറിവുകളെല്ലാം കുത്തികെട്ടി മുകളിലോട്ട് ചെന്നപ്പോഴാണ് മനസ്സിലായത് തലയില്ലായെന്ന്. നമ്മുടെ ശുശ്രൂഷകൾ തലയുണ്ടോയെന്ന് നോക്കിയിട്ട് വേണം. പൂർണ്ണ ആളത്തത്തിലേക്ക് നയിക്കാത്ത ശുശ്രൂഷകളും അവാർഡ് ദാനവുമൊക്കെ ഇതുപോലെയായിരിക്കുമെന്ന് തിരുമേനി അഭിപ്രായപ്പെടുന്നു.

സഭ

ദൈവം ലോകത്തെ സ്നേഹിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവം സഭയെ സ്നേഹിച്ചു എന്നല്ല. സഭ ലോകത്തിന് വേണ്ടിയാണ്. ഒരു എം. എൽ. എയെ നാം തെരഞ്ഞെടുക്കുന്നത് നമ്മുടെ കാര്യം നോക്കാനാണ്, സ്വന്തം കാര്യം നോക്കാനല്ല. അതുപോലെയാണ് സഭയുടെ കാര്യവും. ലോകത്തിന്റെ രക്ഷയ്ക്കു വേണ്ടി ദൈവം തിരഞ്ഞെടുത്ത സമൂഹമാണ് സഭ. പട്ടാളക്കാരുടെ കാര്യം നോക്കുക. They will die so that others will live. സഭയും അതുപോലെയാണ്. ലോകത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി ജീവൻ നൽകേണ്ടുന്നതാണ് സഭ. ഇന്ന് സഭയുടെ ഉദ്ധാരണത്തിനു വേണ്ടി ലോകത്തെ ഉപയോഗിക്കുകയാണ് നമ്മൾ ചെയ്യുന്നതെന്ന് തിരുമേനി അഭിപ്രായപ്പെടുന്നു.

സഭയക്ക് സഭയിലാണ് താല്പര്യം, മനുഷ്യനിലല്ല. ആലുവ അന്ധവിദ്യാലയം സന്ദർശിച്ചപ്പോൾ തിരുമേനി പറഞ്ഞു, സ്കൂളിന്റെ വികസനത്തിലാ നിങ്ങൾക്ക് താല്പര്യം, കുട്ടികളുടെ വികസനത്തിലല്ല. ഒരു കഥ കൂടി തിരുമേനി പറഞ്ഞു. കടലിൽ ഒരു ഭാഗത്ത് സ്ഥിരമായി കപ്പലപകടം ഉണ്ടാകുന്നു. ആ ഭാഗത്തുള്ള കരയിൽ നിന്ന് ആളുകൾ വന്ന് അപകടത്തിൽപ്പെടുന്ന ആൾക്കാരെ രക്ഷപെടുത്തുക പതിവായിരുന്നു. രാത്രി കാലങ്ങളിൽ പലപ്പോഴും രക്ഷപെടുത്തൽ സാധിക്കാതെ വരാറുണ്ട്. അപകടത്തിൽ പെടുന്നവരെ രക്ഷിക്കുവാൻ, ജനങ്ങൾ തീരത്ത് ഒരു കെട്ടിടം പണിത് കാവലിരിക്കുവാൻ തീരുമാനിച്ചു. വിളക്കും മറ്റ് സംവിധാനങ്ങളും ക്രമീകരിച്ചു സ്ഥിരമായി ആൾക്കാർ കാവലിരിക്കുവാൻ തുടങ്ങി. സമയം കളയുവാനായി ഇവർ ചീട്ടുകളിയാരംരംഭിച്ചു. അവിടെ കാവലിരിക്കുന്നവർക്ക് ഭക്ഷണ ക്രമീകരണങ്ങളായി. കെട്ടിടം മോടി പിടിപ്പിച്ച് മറ്റ് ക്രമീകരണങ്ങളായി. പുതിയ ആളുകൾ ഇതിൽ അംഗങ്ങളായി. അത്

ക്ലബ്ബായി മാറി. എന്തിനാ ഈ കെട്ടിടം പണിതതെന്നുള്ള കാര്യം പുതിയതായി വന്നവർക്ക് അറിയാതെ പോയി.സഭയുടെ കാര്യവും ഇപ്രകാരമാണ്.

സഭകൾ ഇപ്പോഴും പ്രസംഗിക്കുന്നത് നമുക്ക് വേണ്ടി ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിനെയാണ്. അദ്ദേഹം മരിച്ചടക്കപ്പെട്ടു. ഇപ്പോഴും അദ്ദേഹം എഴുന്നേറ്റിട്ടില്ല. നമ്മൾ മരിച്ച യേശുവിനെയാണ് നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് പ്രസംഗിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ നമുക്കിതു വരെയായും സാധിച്ചിട്ടില്ല. ലോകത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെ നാം അഭിസംബോധന ചെയ്യാതെ പ്രസക്തമായ ദൗത്യം ചെയ്യുവാൻ സഭയ്ക്ക് സാധിക്കയില്ലയെന്നാണ് തിരുമേനിയുടെയഭിപ്രായം.

ക്രിസോസ്റ്റം തിരുമേനി കണ്ണമ്മൂല വൈദിക സെമിനാരിയിൽ പഠിപ്പിച്ചിരുന്നു.അക്കാലത്ത് സെമിനാരി വിദ്യാർത്ഥികളോട് തിരുമേനി ഒരു കഥ പറഞ്ഞു. ഒരു യുവതിയും യുവാവും സ്നേഹത്തിലായി. അധികം താമസിയാതെ പുരുഷന് വടക്കേ ഇന്ത്യയിൽ ജോലി ലഭിച്ചു. ജോലി ആവശ്യമായതിനാൽ വടക്കേ ഇന്ത്യയിലേക്ക് പോകുവാൻ തീരുമാനിച്ചു. അവധിക്ക് വരുമ്പോൾ കല്ല്യാണം ആകാമെന്നുള്ള ധാരണയിൽ കാമുകിയോട് യാത്ര പറഞ്ഞു യുവാവ് വടക്കേ ഇന്ത്യയിലേക്ക് പോയി. പണ്ടു തപാലാഫിസിൽ കൂടി കത്തുകളയക്കുവാനെ നിവർത്തിയുണ്ടായിരുന്നുള്ളു. എല്ലാ ദിവസവും തന്റെ കാമുകന്റെ കത്തിനായി നോക്കിയിരിക്കും. പോസ്റ്റ്മാനും വിവരം അറിയാം. പോസ്റ്റ്മാനെ കാണുമ്പോൾ തന്നെ യുവതിക്ക് സന്തോഷമാണ്. പോസ്റ്റ്മാനും ചിരിയോടെ കത്തുകൾ കൊടുക്കും. അവസാനം പോസ്റ്റ്മാനെ കാണാതെ യുവതിക്ക് ഉറക്കം വരാത്ത സ്ഥിതിയായി. അങ്ങനെ പോസ്റ്റ്മാനും യുവതിയുമായി അടുപ്പത്തിലായി. തന്നെ സ്നേഹിച്ച യുവാവിനെ മറന്ന് പോസ്റ്റ്മാനെ വിവാഹം കഴിച്ചു. ഇത് പോലെ ആകരുതെന്ന് തിരുമേനി സെമിനാരി വിദ്യാർത്ഥികളെ ഉപദേശിക്കും. സെമിനാരിയിൽ പഠിക്കുവാൻ വരുന്നത്, ക്രിസ്തുവിനോടുള്ള സ്നേഹം കൊണ്ടാണ്. പഠനം കഴിയുമ്പോൾ ക്രിസ്തീയ സ്നേഹം ഫലപ്രദമായി നടപ്പിലാക്കുവാനുള്ള ആഗ്രഹത്തോടെയാണ് പോകുന്നതും. കുറെ കഴിയുമ്പോൾ ആദ്യ സ്നേഹം കുറയുവാൻ തുടങ്ങും. ഇങ്ങനെയുള്ള അച്ചന്മാരുടെ എണ്ണം കൂടുമ്പോൾ സഭയുടെ ദർശനവും പോകും. സെമിനാരിയിൽ ആരെ സ്നേഹിച്ചാണോ വന്നത് അത് അവസാനം വരെ നിലനിർത്തുവാൻ സാധിച്ചാൽ സഭയ്ക്കും സമൂഹത്തിനും സ്വന്ത ജീവിതത്തിനും അത് ഗുണകരമായിരിക്കും.

കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നത്

കേരളത്തിലെ ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാർ കമ്മ്യുണിസ്റ്റുകാരുമായി വേദി പങ്കിടാതെ നിന്നയവസമുണ്ട്. മറ്റ് ബിഷപ്പുന്മാരുടെ അഭ്യർത്ഥന പോലും വകവെയ്ക്കാതെയാണ് തിരുമേനി കമ്മ്യൂണിസ്റ്റുകാരുടെ വേദി പങ്കിട്ടത്. അതിനെക്കുറിച്ച് തിരുമേനി ഇപ്രകാരം പറഞ്ഞു. -ഞാൻ മാർക്സിസ്റ്റുകാരുടെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള സെമിനാറിൽ പങ്കെടുത്തു. ദൈവം അംഗീകരിക്കുന്നവരെ ഞാനും അംഗീകരിക്കുന്നു. അല്ലെങ്കിൽ എന്റെ കാര്യം കുഴപ്പമാ. മതേതര സമൂഹത്തെക്കുറിച്ചുള്ള സെമിനാറിനാ ഞാൻ പോയത്. മതേതര സമൂഹമെന്നാൽ ദൈവമില്ലാത്ത സമൂഹമെന്നല്ല.

നേതാവ് ജനങ്ങളെ നന്മയിലേക്ക് നയിക്കുന്ന ദർശനങ്ങൾ നൽകണം.

സമുഹത്തിന് മാറ്റമുണ്ടാകണമെങ്കിൽ നല്ല പോലെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുവാൻ കഴിവുണ്ടാകണം. നല്ലപോലെ കാര്യങ്ങൾ സംവേദനം ചെയ്യുവാൻ കഴിയുന്നവർക്കേ ജനങ്ങളിൽ പുതിയ ദർശനങ്ങൾ കൊടുക്കുവാൻ സാധിക്കയുള്ളു. പുതിയ ദർശനങ്ങൾ ലഭിക്കുമ്പോൾ പുതിയ സ്വപ്നങ്ങൾ കാണുവാൻ ഇടയാകും. അപ്പോൾ വ്യക്തികളിലും സമൂഹത്തിലും മാറ്റമുണ്ടാകും. എത്രയോ നാളുകളായി നമ്മുടെ അച്ചന്മാരും ബിഷപ്പുമാരും പ്രസംഗിക്കുന്നു. പ്രസംഗം ഫലപ്രദമായി സംവേദനം ചെയ്യുന്നില്ല. തിരുമേനി ഒരു രസകരമായ സംഭവത്തിലൂടെ വിശദീകരിക്കുന്നു: -

അയ്യങ്കാളി ഞങ്ങളുടെ നാട്ടിൽ പ്രസംഗിക്കുവാൻ വന്നു. ഞങ്ങളുടെ പുലയൻ കേൾക്കുവാൻ പോയി. അയ്യങ്കാളി പ്രസംഗിച്ചു. ഇനിയും ജാതിയൊന്നുമില്ല. ഒറ്റ ജാതിയെയുള്ളു. മനുഷ്യ ജാതി മാത്രം. പുലയന് ഇത് ശരിക്കും മനസ്സിലായി. അവൻ തിരികെ വന്നപ്പോൾ അടങ്ങാപ്പുറത്തെ വല്ല്യപ്പൻ ചോദിച്ച് - നീ എവടെയായിരുന്നു- തെക്കെവഴിക്ക് ഞങ്ങളുടെ ഒരു വലിയ ആൾ വന്നിരുന്നു. അദ്ദേഹം പറഞ്ഞു ഇനിയും ജാതി എല്ലാം ഒന്നാകുകയാണെന്ന്. അങ്ങനെ ഒന്നാകുകയാണെങ്കിൽ..........

വല്ല്യപ്പൻ ചോദിച്ചു - അങ്ങനെ ഒന്നാകുകയാണെങ്കിൽ.......

അങ്ങനെ ഒന്നാവുകയാണെങ്കിൽ .... ഇവിടെ ഒരു തമ്പുരാട്ടി കല്ല്യാണം കഴിക്കാറായി നില്പുണ്ട്. എനിക്കാണെങ്കിൽ ഒരു ക്ടാത്തനുമുണ്ട്. തമ്പുരാട്ടിക്ക് കല്ല്യാണമാലോചിക്കുമ്പോൾ ഇതൊന്ന് ഓർമയിലുണ്ടാവണം. വല്ല്യപ്പനൊരടി കൊടുത്തതോടെ സംഭാഷണമവസാനിച്ചു. ഇത് ഇന്ന് ഓർക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നും. കാരണം അയ്യങ്കാളി തന്റെ ജനതക്ക് ഒരു പുതിയ ദർശനം കൊടുത്തു. ഞങ്ങളുടെ അടിയാന് അത് മനസ്സിലായി എന്നു മാത്രമല്ല അയാൾക്ക് സ്വപ്നങ്ങൾ കാണുവാനും സാധിച്ചു. **ഇത് ഇന്ന് നമ്മുടെ സഭയ്ക്ക് സാധിക്കുന്നുണ്ടോ. പുതിയ ആശയങ്ങൾ ജനങ്ങളിലേക്ക് ഫലപ്രദമായി സംവേദനം ചെയ്യുവാൻ നമുക്ക് സാധിക്കുന്നുണ്ടോ. നമ്മുടെ അച്ചന്മാരുടെയും തിരുമേനിമാരുടെയും പ്രസംഗം കേട്ടാൽ ജനങ്ങൾക്ക് പുതിയ ദർശനം ലഭിക്കുന്നുണ്ടോ. ചില്പ്പോൾ ലഭിച്ച ദർശനം പോകുവാനുമിടയാകും.**

പ്രാർത്ഥന

ലോകത്തിലുള്ള എല്ലാ കാര്യത്തിനു വേണ്ടിയും ദൈവത്തോട് പ്രാർത്ഥിക്കണമെന്നാണ് തിരുമേനിയുടെ

അഭിപ്രായം. എല്ലാറ്റിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥന നമ്മുടെ മനസ്സ് മാറ്റുവാൻ തന്നെയാണെന്നാണ് തിരുമേനിയുടെ അഭിപ്രായം. ചില ഇടവകകൾ മുഴുരാത്രി പ്രാർത്ഥനകൾ നടത്താറുണ്ട്. വിഷയം വച്ച് പ്രാർത്ഥിക്കും. അവർ ഉദ്ദേശിച്ച കാര്യം സാധിക്കും വരെ പ്രാർത്ഥിക്കും. പ്രാർത്ഥന കൊണ്ട് ദൈവം മനസ്സ് മാറ്റുമോ? പ്രാർത്ഥനയിൽ നമ്മുടെ മനസ്സ് ദൈവത്തിന്റെ മനസ്സിന് അനുരൂപമാകുകയാണ്. എന്നാ പിന്നെ പ്രാർത്ഥിച്ചിട്ട് എന്താ പ്രയോജനം. നമ്മുടെ ആവശ്യങ്ങൾ ലഭ്യമാകുവാനല്ലെ നമ്മൾ പ്രാർത്ഥിക്കേണ്ടത്.? അങ്ങനെ ആയിത്തീർന്നുവെന്നതാണ് സങ്കടകരം. ദൈവത്തിന്റെ മനസ്സിലിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ഉപവാസ പ്രാർത്ഥന കൊണ്ട് മാറുമെങ്കിൽ വലിയ കുഴപ്പമായിത്തീരില്ലെ. പ്രാർത്ഥനയിൽ കൂടി നാം ദൈവത്തിന്റെ പദ്ധതിയിലായിത്തീരുകയാണ്. **ഞാൻ കാൻസർ രോഗിയാണെന്നറിഞ്ഞപ്പോൾ ഒരു ഇടവകക്കാർ എനിക്ക് വേണ്ടി മുഴുരാത്രി പ്രാർത്ഥന ക്രമീകരിക്കുകയുണ്ടായി. എന്നെ കണ്ടു പറഞ്ഞ അച്ചനോട് ഞാൻ പറഞ്ഞു. അച്ചാ പ്രാർത്ഥന ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ മുഴുരാത്രി പ്രാർത്ഥന വേണ്ട. ദൈവത്തിനും വിശ്രമം വേണമല്ലൊ.** അയൽക്കാരനു വേണ്ടി പ്രാർത്ഥിക്കുന്ന നിങ്ങൾ അവന് മരുന്നു വാങ്ങി കൊടുക്കണം. അല്ലെങ്കിൽ അവനെ ആശുപത്രിയിൽ കൊണ്ടാക്കണം.അവനു രക്ഷപ്രാപിക്കണമെങ്കിൽ നിന്റെ ഭാഗത്ത് നിന്ന് ചില നടപടികൾ ഉണ്ടാകണം. നിന്റെ ജീവിതത്തിൽ അതിനുള്ള സന്മനസ്സും മാറ്റങ്ങളും ഉണ്ടാകണം. പ്രാർത്ഥന അതിനാണ്. അത് നമ്മുടെ രൂപാന്തരത്തിനാണ്.

മെത്രാപ്പോലിത്തായുടെ പ്രെസ്റ്റീജ്

സ്വർണ്ണക്കട മുതൽ ചെറിയ കടകൾ വരെ ഉദ്ഘാടനം ചെയ്യുവാൻ തിരുമേനിയെ ക്ഷണിക്കുന്നു. മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ മാടകടകളൊക്കെ ഉദ്ഘാടനം ചെയ്യുവാൻ പോകുന്നതിനെ പലരും വിമർശിക്കാറുണ്ട്. ചിലർ കമ്മിറ്റികളിൽ തിരുമേനിയോട് ഇക്കാര്യം സൂചിപ്പിക്കുകയും ചെയ്തു. തിരുമേനി അതിനോട് പ്രതികരിച്ചിതിപ്രകാരമാണ്: -ഈയിടെ ഒരാൾ എന്നോടു പറഞ്ഞു മാടക്കട തുറക്കാൻ തിരുമേനി പോകരുതെന്ന്. ഞാൻ പറഞ്ഞു: പോകും. നിങ്ങളുടെ ധാരണയനുസരിച്ചു മാടക്കട നടത്തുന്നവൻ ഒരു അപ്രധാന വ്യക്തിയാണ്. സമൂഹം ഒരു ബിഷപ്പിനു ചില പ്രെസ്റ്റീജ് കല്പിച്ചിട്ടുണ്ട്. അതിൽ നിന്നു താഴുവാൻ പാടില്ല. പോപ് ജോൺ പറഞ്ഞു: ഞാൻ ബിഷപ്പ് ഓഫ് റോം ആകുന്നത് പത്രോസിന്റെ സിംഹാസനത്തിലിരിക്കുമ്പോഴല്ല. ഇവിടത്തെ ആശുപത്രിയിൽ പോകുമ്പോഴാണ്. പാവപ്പെട്ടവൻ എന്നെ ക്ഷണിക്കുന്നത് ദൈവകൃപയ്ക്കു വേണ്ടി പ്രാർത്ഥിക്കാനാണ്. മറ്റവനോ, തിരുമേനി കട തുറന്നാൽ കുറെയാളെ കൂട്ടാം, വില്പന മെച്ചപ്പെടുത്താമെന്നൊക്കെയുള്ള കണക്കുകൂട്ടലിലാണ്. പ്രെസ്റ്റീജ് ഉള്ള പരിപാടികളിലെ മെത്രാപ്പോലിത്ത പങ്കെടുക്കാവുവെന്ന് കരുതുന്ന പലരുമുണ്ട്.

മാർത്തോമ്മാ സഭയിലെ ഒരു വിഭാഗം ജനങ്ങൾ തിരുമേനിയെ ഏറ്റവും കൂടുതൽ വിമർശിച്ചത് അമൃതാനന്ദമയിയെ കാണുവാൻ പോയപ്പോഴാണ്. മെത്രാപ്പോലിത്താ തന്റെ പ്രെസ്റ്റിജ് മനസ്സിലാക്കാതെയാണ് അമൃതാനന്ദമയിയെപ്പോലെയുള്ളവരെ അങ്ങോട്ട് പോയി കണ്ടതെന്നഭിപ്രായമുള്ളവരുണ്ട്. അതിനെതിരെ തിരുമേനി ശക്തമായി പ്രതികരിച്ചു: ഞാൻ ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നെനിക്ക് തോന്നിയിട്ടില്ല. എന്റെ ഈ നടപടി നിങ്ങളുടെ അക്രൈസ്തവ മുൻവിധികൾക്കെതിരെയുള്ള ആക്രമണം കൂടിയാണ്.. ഞാൻ അമ്മയുടെ അനുഗ്രഹം വാങ്ങുവാൻ പോയതല്ല. അമ്മ അനുഗ്രഹിച്ചുമില്ല. ഇനിയും അമ്മ തിരുമേനിക്ക് നല്ലത് വരട്ടെയെന്നു പറഞ്ഞാലോ, തിരുമേനിയെ ദൈവമനുഗ്രഹിക്കട്ടെയെന്നു പറഞ്ഞാലോ അതിൽ വലിയ തെറ്റൊന്നും കാണുന്നുമില്ല. നമ്മുടെ നടപടികളിൽ കൂടിയാണ് സാക്ഷ്യം. യേശുകർത്താവ് ഈ ലോകത്തിൽ പ്രവർത്തിച്ചത് സമൂഹം നല്ലവരെന്ന് കരുതുന്നവരൊടൊപ്പമല്ലായിരുന്നു. യേശുവിന്റെ ചങ്ങാത്തം സമൂഹം മോശമെന്ന് വിധിച്ചവരൊടോപ്പമായിരുന്നു. അതു കൊണ്ടാണ് യേശുവിനെ പരീശന്മാർ വിമർശിച്ചത്. മനുഷ്യവതാരത്തിലൂടെ യേശു ലോകത്തിനു നൽകുന്ന സാക്ഷ്യമിതാണ്. എന്റെ നടപടികളിൽ വിയോജിപ്പുള്ളവർ എന്നോട് നേരിട്ട് സംസാരിക്കണം. തിരുമേനിയോട് വിയോജിപ്പുള്ളവർക്ക് തിരുമേനിയോട് തർക്കിച്ച് ജയിക്കാൻ സാധിക്കുന്നില്ലായെന്നതാണ് സത്യം. വേദപുസ്തകത്തിലെ വാക്യങ്ങൾ തന്നെ ഉപയോഗിച്ചാണ് ചോദ്യങ്ങൾക്ക് തിരുമേനി മറുപടി പറയുന്നത്. ഒരിക്കൽ തിരുമേനിയൊടൊപ്പം ഞാൻ എറണാകുളത്ത് നിന്ന് മാരാമണ്ണിലേക്ക് യാത്ര ചെയ്യുകയാണ്. അപ്പോൾ ഒരു ഫോൺ എനിക്ക് വന്നു. കോട്ടയംകാരൻ ഒരാൾ ക്രിസോസ്റ്റം തിരുമേനിയെ വിമർശിക്കയാണ്. തിരുമേനിയെ ഈക്കാര്യങ്ങൾ ധരിപ്പിക്കണമെന്നാണ് അദ്ദേഹത്തിന്റെ ആവശ്യം. നേരിട്ടങ്ങ് പറഞ്ഞാൽ പോരെയെന്ന ചോദ്യത്തിന് തിരുമേനിയെ ഫോണിൽ കിട്ടുവാൻ പ്രയാസമായതിനാൽ ഞാനത് ചെയ്യണം. കുറെപ്പേർ തിരുമേനിയുടെ വീടിന്റെ പടിക്കൽ സത്യാഗ്രഹമിരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും പറയണം. ഞാൻ പറഞ്ഞു: തിരുമേനി എന്റെയടുത്തിരിപ്പുണ്ട്, പറയേണ്ട കാര്യങ്ങൾ നേരിൽ പറയുക. ഉടനെ മറുപടി- സാറിന് സുഖമല്ലേ. തിരക്കായതിനാൽ പിന്നെ സംസാരിക്കാമെന്ന് പറഞ്ഞു ഫോൺ കട്ട് ചെയ്തു. തിരുമേനിയോട് ഈ വിവരം പറഞ്ഞപ്പോൾ തിരുമേനി ചിരിച്ചു.

മാതൃക എങ്ങനെയായിരിക്കണം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർക്കെല്ലാം തിരുമേനി പ്രിയംങ്കരനാണ്. ശ്രീ. പിണറായി വിജയനും ശ്രീ. എം എ ബേബിയുമൊക്കെ ക്രിസോസ്റ്റം തിരുമേനിയെ അഭിനന്ദിച്ച് പ്രസംഗിക്കാറുണ്ട്. ഒരിക്കൽ കമ്മ്യുണിസ്റ്റ് നേതാക്കന്മാർ തിരുമേനിയെ അഭിനന്ദിച്ച് പ്രസംഗിച്ചു: - ക്രിസോസ്തം തിരുമേനിയെപ്പോലുള്ള കുറെ ബിഷപ്പുന്മാരുണ്ടായിരുന്നെങ്കിൽ ഈ നാടിന്റെ ഗതി തന്നെ മാറിയേനേ- തിരുമേനി ചിരിച്ചു കൊണ്ട് പറയും:- എന്നെപ്പോലെ ബിഷപ്പുന്മാർ വേറെ ആരെങ്കിലും ഉണ്ടാകുവാനൊ

ക്കുമോ?. സഭയിൽ യാതൊരുത്തരവാദിത്തങ്ങളുമില്ലാത്ത എനിക്ക് നാടു നീളെ പ്രസംഗിച്ചു നടന്നാൽ പോരേ?. സഭയുടെ ചുമതലയുള്ള മറ്റുള്ള ബിഷപ്പുമാർക്ക് അങ്ങനെ പറ്റുമോ?. തിരുമേനിയെ മാതൃകാ ബിഷപ്പായി ആരെങ്കിലും ചിത്രീകരിച്ചാൽ തിരുമേനി അതിനോട് യോജിക്കയില്ല. മാതൃക എന്ന വാക്കിനോട് തന്നെ തിരുമേനിക്ക് വലിയ മമതയില്ല. ഓരോ ദേശത്തിനു ചേരുന്ന രീതിയിൽ അവിടെത്തെ ജനങ്ങൾക്ക് പ്രയോജനം ചെയ്യത്തക്ക രീതിയിൽ നേതൃത്വം കൊടുക്കുന്നതാണ് മാതൃകയെന്നതു കൊണ്ട് തിരുമേനി ഉദ്ദേശിക്കുന്നത്.ഏല്പിച്ച ജോലി ഉത്തരവാദിത്തത്തോടും സമൂഹത്തിന് പ്രയോജനപ്രദമാകുന്ന രീതിയിൽ ചെയ്യണം. അതായിരിക്കണം മാതൃക.

ക്രൈസ്തവ പ്രതികരണം

വേദപുസ്തകം ഓരോ കാലഘട്ടത്തിനുസരിച്ച് പുനരാഖ്യാനം ചെയ്യണമെന്നാണ് തിരുമേനിയുടെ അഭിപ്രായം**.** ആധുനിക യുഗത്തിൽ വേദപുസ്തക സന്ദേശം എങ്ങനെയാണ് മനസ്സിലാക്കേണ്ടതെന്ന് ചോദിച്ചാൽ അതിനുത്തരമാണ് തിരുമേനി നൽകുന്നത്. ഇന്നത്തെ ആവശ്യം കണ്ടറിഞ്ഞു പ്രവർത്തിക്കുന്നതാണ് നവീകരണം.അതെ കർത്താവു എന്താണ് ചെയ്തത്. പഴയ നിയമത്തിലെ പലതിനും പുനരാഖ്യാനം കൊടുക്കയായിരുന്നു. ശബ്ബത്ത് മനുഷ്യനു വേണ്ടിയാണെന്ന് കർത്താവല്ലെ പറഞ്ഞത്. വേദപുസ്തത്തിലെ വാക്യങ്ങൾ അതേ പടി വ്യാഖ്യാനിച്ചാൽ അപകടമായിരിക്കും ഫലം. അയൽക്കാരന്റെ മുതൽ മോഷ്ടിക്കരുതെന്നു പറഞ്ഞാൽ ദൂരെയുള്ളവന്റെ മുതൽ മോഷ്ടിക്കാമെന്നാണോ?. വേദപുസ്തകത്തിന്റെ പൂർണ്ണ അന്തസത്ത കാലഘട്ടത്തിനനുസരിച്ച് മനസ്സിലാക്കി പ്രതികരിക്കുന്നതാണ് ക്രൈസ്തവ പ്രതികരണം എന്ന് തിരുമേനി അഭിപ്രായപ്പെടുന്നു.

ഇടത്തൂട്ടുപദേശം വിറ്റു ജീവിക്കുന്ന ക്രിസ്ത്യാനികൾ

യേശുവിനെ ക്രിസ്ത്യാനികളുടെ മാത്രം ദൈവമാക്കി ഏറ്റവും വലിയ ഇടത്തൂട്ടുപദേശം വിറ്റു ജീവിക്കുന്നവരാണ് കേരളത്തിലെ ക്രിസ്ത്യാനികളെന്ന് തിരുമേനി അഭിപ്രായപ്പെടുന്നു. ദൈവം ഒന്നേയുള്ളു. ഹിന്ദുക്കൾ, മുസ്ലിമുകൾ, ക്രിസ്ത്യാനികൾ മനസ്സിലാക്കുന്ന രീതിയിൽ വ്യത്യാസമുണ്ടാകാം. ചിലർ തിരുമേനിയോട് ചോദിക്കും, യേശുക്രിസ്തുവും ശ്രീകൃഷ്ണനും ഒന്നാണോ? തിരുമേനി പറയും, ശ്രീകൃഷ്ണനെക്കുറിച്ചു ഞാൻ പഠിച്ചിട്ടില്ല. അപ്പോൾ ഞാൻ ശ്രീകൃഷ്ണനെക്കുറിച്ച് എങ്ങനെ പറയും. യേശുക്രിസ്തുവിനെക്കുറിച്ച് തന്നെ ഞാൻ പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

മരണം

മരണത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള വ്യക്തിയാണ് തിരുമേനി. മരണം ജീവിതത്തിന്റെ പൂർണ്ണതയിലേക്കുള്ള യാത്രയാണ് എന്ന് വേദപുസ്തകം പറയുന്നു. മരണം ജീവിതത്തിന്റെ അടുത്ത മുഖമാണ്. നാം ഒരു കിണർ കുഴിക്കുമ്പോൾ വെള്ളം കണ്ടെത്തുന്നത് മരണമാണോ? ആ പ്രവൃത്തിയുടെ മരണമാണ്. എന്നാൽ അത് ഒരു പ്രയോജകീഭവിക്കലിന്റെ ആരംഭമാണ്. അപ്പോൾ എല്ലാ അന്ത്യങ്ങളും ഒരു ആരംഭമാണ്. സഭയുടെ പഠിപ്പിക്കലുകളിൽ എങ്ങനെ ജീവിക്കണമെന്നോ എങ്ങനെ മരിക്കണമെന്നോ പഠിപ്പിക്കുന്നില്ല. കാൻസർ രോഗിയാണെന്നറിഞ്ഞപ്പോൾ തിരുമേനി ഞെട്ടിപ്പോയി. തികച്ചും മാനുഷികമായ പ്രതികരണം. പക്ഷേ തന്റെ അവസ്ഥയെ മറ്റുള്ളവർക്ക് ആത്മവിശ്വാസം പകർന്നു നൽകുവാൻ ഫലപ്രദമായി ഉപയോഗിക്കുന്ന തിരുമേനിയെയാണ് നാം കാണുന്നത്. സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തി അർത്ഥസമ്പുഷ്ടമായി ഉപയോഗിക്കുകയെന്നതാണ് പ്രാധാന്യമർഹിക്കുന്നതെന്ന് തിരുമേനി പറയുന്നു.

സാമൂഹിക തിന്മകളോടുള്ള സരസമായ പ്രതികരണം

തിരുമേനിയ്ക്ക് പ്രസിദ്ധി ലഭിച്ചിരിക്കുന്നത് ഫലിതം പറയുന്നതിലാണ്. ഫലിതങ്ങളിൽ രസകരമായ ചിന്തകളും ഉണ്ടാവും. തിരുമേനി വീട്ടിൽ നിൽക്കുന്ന ജോലിക്കാരനെ പലപ്പോഴും ശാസിക്കും. ഒരു ദിവസം അവന്റെ പ്രവൃത്തി നിമിത്തം സഹികെട്ടപ്പോൾ എടാ കഴുതയെന്ന് വിളിച്ചു പോയി. അപ്പോൾ അവൻ പറഞ്ഞു: തിരുമേനി ഞാൻ കഴുതയായിട്ടാണല്ലോ പഠിക്കുവാൻ പറ്റാതെ വന്നതും തിരുമേനിയോടൊപ്പം താമസിക്കേണ്ടി വന്നതും. ഇത് തിരുമേനിയെ ചിന്തിപ്പിച്ചു. പിന്നീട് കഴുതയെന്ന് വിളിച്ചിട്ടില്ല. തിരുമേനിയുടെ വീട്ടിൽ പാൽ തരുന്നവൻ പാലിൽ വെള്ളം ഒഴിക്കുന്നത് തടയുവാൻ ഒരു സൂത്രമാണ് തിരുമേനി പ്രയോഗിച്ചത്. ഒരു ദിവസം രണ്ടു കുപ്പിയെടുത്ത് കൊടുത്തിട്ട് പറഞ്ഞു. പാലും വെള്ളവും രണ്ടു കുപ്പിയിലായിട്ടു തന്നാൽ മതി. മികസ് ചെയ്യുവാൻ മെനക്കെടേണ്ടാ ഞാൻ മിക്സ് ചെയ്തു കൊള്ളാം.

"ഒരിക്കൽ ഞാൻ കല്ല്യാണമാശിർവദിക്കുവാൻ പോയി. ഞാനവരുടെ വീട്ടിൽ ചെന്നപ്പോൾ വീട്ടുകാർ പറഞ്ഞു മണവാട്ടി 40000 രൂപായുടെ മന്ത്രകോടി ധരിച്ചാണ് വിവാഹത്തിന് വന്നതെന്ന്.

ഞാൻ ഉടനെ പറഞ്ഞു: "ചതിച്ചല്ലോ. എന്റെ പ്രാർത്ഥന മാറിപ്പോയല്ലോ."

ഉടനെ അവർ ചോദിച്ച്: "അതെന്താ തിരുമേനി".

"ഞാൻ സാധാരണ 2000 രുപായുടെ മന്ത്രകോടിക്കുള്ള പ്രാർത്ഥനയാ ചൊല്ലാറുള്ളത്. ഈ വിവരം എന്നോട് നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാൻ മറ്റൊരു പ്രാർത്ഥനയായിരുന്നു ചൊല്ലുക".

"അതെന്താ തിരുമേനി."

"ഞാനി വാചകം കൂടി അതിൽ ചേർത്തേനേം. കർത്താവേ, ഈ മന്ത്രകോടി ധരിക്കുന്ന പെൺകു

ട്ടിയ്ക്കും ഇത് വാങ്ങിയ ആളിനും സുബോധം കൊടുക്കണേന്ന്'".

ആദിവാസികൾക്ക് നീതി ലഭിക്കണമെന്നാവശ്യപ്പെട്ട് പോരാടി രക്തസാക്ഷിയായ വത്സാ ജോണിന്റെ പ്രേഷിത പ്രവർത്തനങ്ങളെ ആദരിക്കുവാൻ ന്യുവിഷൻ മാസിക ഒരു സമ്മേളനം ക്രമീകരിക്കുകയുണ്ടായി. ക്രിസോസ്റ്റം തിരുമേനിയായിരുന്നു സമ്മേളനം ഉദ്ഘാടനം ചെയ്തത്. സിസ്റ്റർ വൽസാ ജോണിന്റെ വടക്കേ ഇന്ത്യയിലെ പ്രവർത്തനങ്ങളെ സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ തിരുമേനി അവതരിപ്പിച്ചത് ശ്രദ്ധേയമായി. "ഞാൻ ഇംഗ്ലണ്ടിൽ ചെന്നപ്പോൾ എനിക്ക് പല്ലിന് വേദനയാരംഭിച്ചു. എന്റെ സുഹൃത്ത് എന്നെ ആശുപത്രിയിലേക്ക് കൊണ്ടു പോയി. 15 പൗണ്ട് വരെയുള്ള ചികിത്സയ്ക്ക് സർക്കാരിൽ നിന്ന് സഹായം ലഭിക്കുമെന്നതിനാൽ എനിക്ക് സൗജന്യമായി ചികിത്സ ലഭിച്ചു. അന്നേ ദിവസം ഞാൻ കുട്ടികളുടെ ഒരു മീറ്റിംങിന് പോയി. അപ്പോൾ ഞാനവരോട് പറഞ്ഞു: ഇന്ന് നിങ്ങളുടെ രാഞ്ജിയിൽ നിന്നും എനിക്ക് 15 പൗണ്ട് ലഭിച്ചുവെന്ന്. അവർ തിരക്കിയപ്പോൾ ഞാനത് വിശദീകരിച്ചു. അതിൽ പ്രായമുള്ള കുട്ടി പറഞ്ഞു: രാജ്ഞിക്ക് എങ്ങനെയാ പണം കിട്ടിയതെന്നറിയാമോ? ഞങ്ങൾ ടാക്സ് കൊടുത്ത പണമാണ് തിരുമേനിക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. അതു കൊണ്ട് തിരുമേനി ഞങ്ങൾക്ക് ചെലവ് ചെയ്യണം. ഞാൻ പറഞ്ഞു: അൻപത് വർഷങ്ങൾക്ക് മുമ്പ് നിങ്ങളുടെ രാജ്ഞി എന്റെ കൈയിൽ നിന്ന് 150 പൗണ്ട് വാങ്ങിയിരുന്നു. അങ്ങനെ ഞങ്ങളുടെ നാട്ടിലുള്ള പലരുടെ കൈയിൽ നിന്നും കടത്തിക്കൊണ്ടു വന്ന പണമുപയോഗിച്ചാണ് ഇന്ന് നിങ്ങൾ സുഖമായി ജീവിക്കുന്നത്. അതു കൊണ്ട് അതിന്റെ ട്രീറ്റാ ആദ്യം ചെയ്യേണ്ടതെന്ന് പറഞ്ഞു.അതിന് സമാനമായ ഒന്നാണ് ഇപ്പോൾ ആദിവാസികളുടെ കാര്യത്തിൽ നടക്കുന്നത്. ആദിവാസികളുടെ ഭൂമിയെല്ലാം അടിച്ചു മാറ്റിയതിന് ശേഷം നാം ഇന്നവർക്ക് നമ്മുടെ ഔദാര്യമെന്ന നിലയിൽ അരയേക്കർ കൊടുക്കുയാ. ഈ അനീതിക്കെതിരെ പോരാടിയ സ്ത്രീരത്നമായിരുന്ന സിസ്റ്റർ വത്സാ ജോൺ".

അസാധാരണ പ്രതികരണങ്ങൾ

ഒരിക്കൽ ഞാൻ തിരുമേനിയെ ഫോണിൽ വിളിച്ചു, അഭിമുഖ സംഭാഷണത്തിനായി ഞാനങ്ങോട്ട് വരട്ടെയെന്ന് ചോദിച്ചു. സാർ, എന്നും ഇങ്ങോട്ടല്ലെ വരുന്നത്. ഇന്നു ഞാൻ സാറിന്റെ വീട്ടിലേക്ക് വരാം. വൈകിട്ട് 6മണി മുതൽ 9മണി വരെ ചെലവഴിച്ച് ഭക്ഷണവും കഴിച്ചാണ് തിരുമേനി മടങ്ങിയത്. തിരുമേനിയെ കാണുവാൻ വരുന്ന പലരും പല തരത്തിലുള്ള സമ്മാനങ്ങളുമായി വരുന്നത് ഞാൻ കണ്ടിട്ടുണ്ട്. വില കൂടിയ സമ്മാനങ്ങൾ കൊടുക്കുന്നവരെയൂം കണ്ടിട്ടുണ്ട്. മൂന്നു മുട്ടകളുമായി റാന്നിയിൽ നിന്നും വന്ന ഒരു മനുഷ്യനെയും ഞാൻ കണ്ടു. തിരുമേനി മുട്ട സന്തോഷത്തോടെ സ്വീകരിച്ചുവെന്ന് മാത്രമല്ല മടങ്ങി പോകുമ്പോൾ 200 രൂപായും നൽകി.

ജീവിതത്തെ ഒരു ആഘോഷമായി കണ്ട തിരുമേനിയൊടൊത്തുള്ള യാത്രയിൽ നാം പലരേയും കണ്ടുമുട്ടും. പ്രതീക്ഷിക്കാത്ത പ്രതികരണങ്ങൾ നമ്മെ അലോസരപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്യും. തിരുമേനിയുടെ വിശ്വാസത്തിന്റെ ഉയർന്നതലങ്ങളിലേക്കുള്ള യാത്രയിൽ വായനക്കാർ പുതിയ അനുഭവങ്ങളിലേക്കുള്ള യാത്രയിലായിരിക്കും. മുഖം മൂടിയണിഞ്ഞ ക്രിസ്ത്യാനികൾക്കെതിരെ തിരുമേനി ആഞ്ഞടിക്കുമ്പോൾ അതൊരു ചാട്ടവാറായി മാറും.

തിരുമേനിയുമായി നടത്തിയ അഭിമുഖസംഭാഷണങ്ങൾ പുസ്തക രൂപത്തിലിറക്കുവാൻ പോകയാണെന്ന് ഒരിക്കൽ തിരുമേനിയോട് പറഞ്ഞു. തിരുമേനിയുടെ ഉടനെയുള്ള മറുപടി. എന്നാൽ നമ്മൾ രണ്ടു പേരും രക്ഷ പെടും. എന്നെക്കുറിച്ചുള്ള പുസ്തകം എനിക്ക് പ്രസിദ്ധി തരും. എന്നെ അറിയാവുന്നവരെല്ലാം ആ പുസ്തകം വാങ്ങിക്കും. അക്കൂട്ടത്തിൽ സാറിന്റെ പേരും ഇപ്പോൾ അറിയാത്ത മേഖലയിൽ കൂടി അറിയപ്പെട്ടു തുടങ്ങും.

പ്രസംഗമല്ല പ്രവൃത്തിയാണ് ഇന്നാവശ്യമായിരിക്കുന്നത്

"നല്ല ശമര്യാക്കാരന്റെ ഉപമ നാം പള്ളിയിൽ പ്രസംഗിക്കും. പക്ഷേ ജീവിതത്തിൽ പകർത്തുവാൻ നാം തയ്യാറല്ല. മറ്റുള്ളവർ നല്ല ശമര്യാക്കാരനാകണമെന്ന് പറയുന്ന നാം ദർശനത്തിലും വീക്ഷണത്തിലും മാറ്റം വരുത്തുവാൻ തയ്യാറല്ല.ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതാണ് ക്രൈസ്തവ സാക്ഷ്യം. അവിടെ ക്രിസ്ത്യാനിയെന്നോ ഹിന്ദുവെന്നോ മുസ്ളിമെന്നോ ഇല്ല. മനുഷ്യൻ മാത്രം. ചുറ്റുപാടുകളിലോട്ട് നോക്കുക. എതെങ്കിലും സംഭവങ്ങളിൽ മറ്റുള്ളവർ വരുന്നതിന് മുമ്പേ ക്രൈസ്തവ സഭ അടുത്തകാലത്ത് മുന്നിട്ടിറങ്ങിയിട്ടുണ്ടോ? പഴയ സംഭവമാണ് എന്റെ ഓർമയിൽ വരുന്നത്. ശബരിമലയ്ക്കടുത്ത് വാഹനം മറിഞ്ഞു അയ്യപ്പന്മാർ മരിച്ചു. പലർക്കും പരുക്കുപറ്റി. സംഭവം നടക്കുമ്പോൾ രക്ഷാപ്രവർത്തനത്തിലോ തുടർന്ന് മരിച്ച ആൾക്കാരുടെ വീട്ടുകാരെ സഹായിക്കുവാനോ ഒരു ക്രിസ്ത്യൻ സഭയും മുമ്പോട്ട് വന്നില്ലായെന്നത് എന്നെ വേദനിപ്പിച്ചു. ആ സമയം ഞാൻ ഗൾഫിലായിരുന്നു. ഒരു അയ്യപ്പന്റെ മൃതശരീരം ആന്ധ്രയിൽ കൊണ്ടു പോകുവാൻ നിവർത്തിയില്ലാതെ, പത്തനംതിട്ട ആശുപത്രിയിലുള്ളവരെല്ലാം കൂടി പിരിവ് എടുത്തെന്ന് ഞാനറിഞ്ഞു. ഒരു ക്രിസ്ത്യാനിക്ക് പോലും സഹായത്തിന്റെ കരം നീട്ടുവാൻ സാധിച്ചില്ല. ഒരു സഭയോ ഇടവകയോ അതിന് നേതൃത്വം കൊടുത്തില്ല. ഇത്തരം കാര്യങ്ങളിൽ ക്രൈസ്തവ സഭകൾ മിണ്ടാതിരുന്നാൽ എന്ത് സാക്ഷ്യമാണ് നൽകുവാൻ സാധിക്കുക. ശബരിമലക്കടുത്തുള്ള രണ്ട് ഇടവ

കകൾ പണം ശേഖരിച്ച് അയ്യപ്പന്മാരുടെ മൃതദേഹങ്ങൾ വീടുകളിലെത്തിക്കുവാനും, ആവശ്യമുള്ള കുടുംബാംഗങ്ങൾക്ക് വേണ്ട പണം നൽകുവാനും ശ്രമിച്ചിരുന്നെങ്കിൽ അത് നൂറ് പ്രസംഗങ്ങളേക്കാൾ ശക്തിയുള്ളതായിത്തീരുമായിരുന്നു.ഹൈന്ദവദേവന്മാരെ ആരാധിക്കുവാൻ പോയവരെ നമ്മൾ സഹായിക്കണോ എന്ന് ചിലർ ചോദിച്ചു. അതെന്നെ വേദനിപ്പിച്ചു. അവരും മനുഷ്യരാണ് എന്ന് നാം ഓർക്കണം. മനുഷ്യനെ തമ്മിൽ വേർതിരിക്കുവാൻ മതത്തെ ഉപയോഗിക്കരുത്. ഇത്തരം സംഭവങ്ങളിലൂടെ കേരളത്തിൽ ഒരു നല്ല ശമര്യാക്കാരനോ ഒരു നല്ല ക്രിസ്ത്യാനിയോ ഇല്ലായെന്ന് നാം ലോകത്തിന് വെളിപ്പെടുത്തികൊടുത്തുകൊണ്ടിരിക്കയാണ്.പ്രസംഗമല്ല പ്രവൃത്തിയാണ് ഇന്നാവശ്യമായിരിക്കുന്നത്".

കേൾക്കുവാൻ ഒരു ചെവിയുണ്ടെങ്കിൽ

ക്രിസോസ്റ്റം തിരുമേനിയെ കാണുവാൻ അനവധി ആളുകളാണ് ദിവസവും വരുന്നത്. പലരേയും തിരുമേനി ആദ്യമായിട്ടായിരിക്കും കാണുന്നത്. തിരുമേനിയെ കണ്ട് സംസാരിച്ച് സായൂജ്യം നേടുന്ന പലരും ഉണ്ട്. തിരുമേനിയവരുടെ ഓരോ കാര്യങ്ങളും ചോദിച്ച് മനസ്സിലാക്കും. അവരുടെ പ്രവർത്തന മേഖലയിലെ പ്രത്യേകതകൾ, സംശയങ്ങൾ ചോദിക്കുകയും അത് മനസ്സിലാക്കുകയും ചെയ്യും. പുതിയ കാര്യങ്ങൾ തിരുമേനി മനസ്സിലാക്കുന്നത് അങ്ങനെയാണ്. തിരുമേനിയുടെ വാക്കുകൾ ശ്രദ്ധിക്കുക. "എന്റെ തല പഴയ തലയാണ്. പഴയ കാര്യങ്ങൾ എനിക്ക് മനസ്സിലാകും. പക്ഷേ പുതിയ കാര്യങ്ങൾ മനസ്സിലാക്കുന്നത് എന്നോട് സംസാരിക്കുവാൻ വരുന്നവരിൽ കൂടിയാണ്. അക്കാര്യങ്ങളാണ് ഞാൻ എന്റെ പ്രസംഗത്തിലൂടെ തട്ടി വിടുന്നത്. തിരുമേനിക്ക് വലിയ വിവരമുണ്ടെന്ന് പലരും കരുതും. എന്റെ വിവരം മിടുക്കരായ ചെറുപ്പക്കാർ നൽകുന്ന വിവരമാണ്". ഒരിക്കൽ മുല്ലക്കര രത്നാകരൻ തിരുമേനിയോട് കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചും സ്കൂൾ കുട്ടികളുടെ കരിക്കുലത്തിൽ കൃഷി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും പറയുകയുണ്ടായി. ഇതെല്ലാം കേട്ട തിരുമേനി അടുത്ത ദിവസം ഒരു സ്കൂൾ വാർഷികത്തിന് കൃഷി മന്ത്രിയായിരുന്ന മുല്ലക്കര പറഞ്ഞ കാര്യങ്ങൾ തിരുമേനി ഭംഗിയായി അവതരിപ്പിച്ചു. എന്റെ ഗവേഷണ പഠനം, രാമച്ചം എന്ന ചെടി, ഭൂഗർഭ ജലം ഉയർത്തുമെന്നും, നദികളിലെ കോളിഫോം ബാക്ടീരിയായുടെ അളവ് കുറയ്ക്കുവാനും, നദീ തീരം ഇടിയാതിരിക്കുവാനും രാമച്ചത്തിന് സാധിക്കുമെന്നുള്ളതാണ്. തിരുമേനി ഇതെല്ലാം ശ്രദ്ധയോടെ കേൾക്കാറുണ്ട്. എപ്പോൾ എന്നെ കാണുമ്പോഴും ഈ വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ തിരക്കാറുമുണ്ട്. ഒരിക്കൽ ജലവിഭവ വകുപ്പ് മന്ത്രിയായ പി ജെ ജോസഫിനോടും ധനമന്ത്രിയായിരുന്ന കെ എം മാണിയോടും വളരെ ആധികാരികമായാണ് രാമച്ചത്തിന്റെ ഗുണത്തെക്കുറിച്ച് സംസാരിച്ചത്. "എനിക്ക് ഇത് ഒന്ന് പരീക്ഷിച്ച് നോക്കുവാൻ സഹായിക്കണം. കോഴഞ്ചേരി മുതൽ ചെറുകോൽപ്പുഴ വരെ അഞ്ചു കിലോമീറ്റർ ദൂരം നദീ തീരത്ത് രാമച്ചം നട്ടു നോക്കിയാൽ കൊള്ളാമെന്നുണ്ട്".

മറ്റുള്ളവരുടെ ആശയങ്ങളും ചിന്തകളും ഉപയോഗപ്പെടുത്തി മനോഹരമായ പ്രസംഗങ്ങൾ നടത്തി ജനത്തെ സന്തോഷിപ്പിക്കുകയാണ് തിരുമേനി. തിരുമേനിയുടെ വാക്കുകളിൽ "ചിലരുടെ പ്രസംഗം തുടങ്ങുന്നത് ചില മഹാന്മാരുടെ ഉദ്ധരണിയോടെയാണ്. ബാക്കിയുള്ളത് അവരുടെ അഭിപ്രായമാണെന്ന ധാരണയിലാണ് പ്രസംഗം. പക്ഷേ എന്റെ പ്രസംഗം മുഴുവനും വല്ലവരും പറഞ്ഞ കാര്യങ്ങളാ. വലിയ വലിയ ആൾക്കാരുടെ പേരൊന്നും ഓർമയിലില്ലാത്തതു കൊണ്ട് പറയാറില്ല.

മറ്റുള്ളവരിലെ നന്മ കണ്ടെത്തി അഭിനനന്ദിക്കുക.

നന്മ മറ്റുള്ളവരിൽ കാണുമ്പോൾ, മറ്റുള്ളവർ വിജയം കൈവരിക്കുമ്പോൾ അവരെ അഭിനന്ദിക്കുന്നത് വിശാല മനസ്ഥിതിയുള്ളവർക്കേ സാധിക്കൂ. ഇത് യാന്ത്രികമാകുകയോ ആത്മാർത്ഥതയില്ലാത്തതോ ആയാൽ അതിന്റെ ഗുണം പോകും. ഇത് കൂടുതൽ വ്യക്തമായി മനസ്സിലാകണമെങ്കിൽ ക്രിസോസ്റ്റം വലിയ തിരുമേനിയുടെ ജീവിത ദർശനം മനസ്സിലാക്കണം. തിരുമേനി മറ്റുള്ളവരെ അഭിനന്ദിക്കുമ്പോൾ അതിൽ ആത്മാർത്ഥതയും സത്യസന്ധതയുമുണ്ടായിരിക്കും. തിരുമേനി പലരുമായി സംസാരിക്കുന്നയവസരത്തിൽ തിരുമേനിയൊടൊപ്പം കൂടുവാനുള്ളയവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. ഒരിക്കൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായി സംസാരിക്കുകയാണ്. "സെക്യൂരിറ്റിയൊന്നും കൂടാതെ ജനങ്ങളുമായി അടുത്തിടപെഴകി ആവരുടെ പ്രശ്നങ്ങൾ കേൾക്കുവാൻ കാണിക്കുന്ന താല്പര്യം തികച്ചും അഭിനന്ദാർഹമാണ്. ജനങ്ങളെ കാണുന്നതിൽ കാണിക്കുന്ന സന്തോഷം എനിക്കിഷ്ടമാണ്." പിന്നീട് ഒരിക്കൽ അച്യുതാനന്ദനോട് സംസാരിച്ചപ്പോൾ തുടങ്ങിയതിപ്രകാരമാണ്- "ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അത് ബഹുജനപ്രക്ഷോഭമാക്കി മാറ്റിതീർക്കുവാനുള്ള അങ്ങയുടെ കഴിവ് ശ്രദ്ധേയമാണ്". മുല്ലക്കര രത്നാകരനോട് സംഭാഷണം തുടങ്ങിയതിപ്രകാരമാണ്. "അങ്ങ് കാർഷിക മേഖലയെ സ്നേഹിച്ച ഒരു കൃഷി മന്ത്രിയാണ്." ബാബു പോളിനോട് ഇപ്രകാരം പറയുന്നു. "ക്രിസ്തീയ വിശ്വാസിയായിരുന്നു കൊണ്ട് എങ്ങനെ ഒരു സിവിൽ സെർവെന്റായിരിക്കാം എന്നതിന് മികച്ച ഉദാഹരണമാണ്. ഭാരതീയ പാരമ്പര്യത്തിൽ ക്രിസ്തീയ വിശ്വാസത്തെ നട്ടു വളർത്തിയ വ്യക്തിയാണ് ."രമേശ് ചെന്നിത്തലയെ കണ്ടപ്പോൾ, ഹരിപ്പാട് നിയോജകമണ്ഡലത്തിൽ രമേശിന്റെ നേതൃത്വത്തിൽ പാവങ്ങൾക്ക് വേണ്ടി ചെയ്യുന്ന കാര്യങ്ങൾ പരാമർശിച്ചു കൊണ്ടാണ് തുടക്കം. തോമസ് ഐസക്കിനെ കണ്ടപ്പോൾ, ജനകീയാസൂത്രണത്തിന്റെ ഗുണവശങ്ങളെക്കുറിച്ചായി സംഭാഷണം. കർദ്ദിനാൾ ക്ലിമ്മിസ് തിരുമേനിയെ കണ്ടപ്പോൾ എന്റെ നേരെ തിരി

ഞ്ഞിപ്രകാരം പറഞ്ഞു, ''സാറെ, ഈ തിരുമേനി റോമിൽ പോയിട്ട് വന്നപ്പോൾ എനിക്ക് ഒരു പ്രത്യേക തരം കുരിശും വാങ്ങിക്കൊണ്ടാണ് വന്നത്. മാത്രവുമല്ല, തന്നെ മെത്രാനായി തെരഞ്ഞെടുത്ത കാര്യം ആദ്യമായി രഹസ്യമായിട്ട് എന്നോടാ പറഞ്ഞത്''. ഒരിക്കൽ ഞാൻ മാരാമൺ അരമനയിൽ ചെല്ലുമ്പോൾ ഒരു മനുഷ്യനും ഭാര്യയും തിരുമേനിയോട് സംസാരിച്ചു കൊണ്ടിരിക്കയാണ്. ഞാനും അടുത്തിരുന്നു. അദ്ദേഹം പോയിക്കഴിഞ്ഞിട്ട് സംഭാഷണമാരംഭിക്കാമെന്ന് കരുതി ഞാനും, ഞാൻ പോയിട്ടേ അയാൾ പോകുകയുള്ളുവെന്ന മട്ടിലുമാണ് അയാളുടെം ഇരിപ്പു. കുറച്ചു കഴിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു. ''സാറെ, ഇദ്ദേഹം മാർത്തോമ്മ സഭയിലെ ഒരുപദേശിയാണ്. എന്നെ കാണുവാൻ ഇടയ്ക്കിടെ വരും. എപ്പോൾ വരുമ്പോഴും എനിക്കെന്തെങ്കിലും സമ്മാനവുമായെ വരികയുള്ളു. അപ്പോഴാണ് അദ്ദേഹത്തിന്റെ കൈയിലിരുന്ന പൊതിക്കെട്ട് എന്റെ ശ്രദ്ധയിൽ പെട്ടത്. അത് ഞാൻ പോയിട്ട് കൊടുക്കുവാനുള്ള ശ്രമമാ യിരുന്നു അദ്ദേഹത്തിന്റെ ഈ മസിൽ പിടിത്തം. അദ്ദേഹം പൊതിയെടുത്ത് തിരുമേനിയുടെ കൈയിൽ കൊടുത്തിട്ട് പറഞ്ഞു. ''ചക്ക വിളയിച്ചതാ''. തിരുമേനിയുടെ മറുപടി. ''അതിനകത്തെന്താണെന്ന് പറയാ തിങ്ങ് തന്നാൽ പോരായിരുന്നോ''. എല്ലാവരും ചിരിച്ചു.മറ്റുള്ളവർ എങ്ങനെയാണ് അറിയുവാൻ ആഗ്ര ഹിക്കുന്നത് അത് തിരുമേനി തന്റെ അഭിനന്ദനത്തിൽ കൂടിയും സംസാരത്തിൽ കൂടിയും അവതരിപ്പി ക്കും. വ്യക്തമായി പഠിച്ചതിന് ശേഷമാണ് ഓരോ കമന്റും. അതിൽ ആത്മാർത്ഥതയുണ്ട്, സത്യസന്ധത യുണ്ട്. തന്നെ കാണുവാൻ വരുന്നവരെ തിരുമേനി സൂക്ഷ്മമായി നിരീക്ഷിക്കും. അവരിലെ നന്മ മടി കൂടാതെ അവരോട് പറയും. അതവരിൽ ഉളവാക്കുന്ന സന്തോഷം അമിതമാണ്. തിരുമേനിയെ അവർ സ്നേഹിക്കുന്നു. കരുതുന്നു.

ജീവിതം എങ്ങനെ ആനന്ദകരമാക്കാം

റിട്ടയാർമെന്റ് ജീവിതം ആഹ്ലാദപ്രദമാകണമെങ്കിൽ ക്രിസോസ്റ്റം വലിയ തിരുമേനിയുടെ ജീവിത ദർശനം പഠിക്കണം. തിരുമേനിയെ കാണുന്നത് ഏവർക്കും സന്തോഷമാണ്. ജാതിമത ചിന്തകൾക്കതീ തമായി തിരുമേനിയെ ഏവരും ബഹുമാനിക്കുന്നു, ആദരിക്കുന്നു. സാധാരണ ഗതിയിൽ റിട്ടയർ ചെയ്തു കഴിഞ്ഞാൽ പിന്നെ പലരുടേയും തിരക്ക് കുറയും. അപൂർവ്വം ചിലർക്കേ തിരക്ക് കൂടാറുള്ളു. അപ്രകാരം തിരക്കുള്ള വ്യക്തിയായി തീർന്നിരിക്കുന്നു ക്രിസോസ്റ്റം തിരുമേനി. തിരുമേനിയുടെ ഡയറി നോക്കുന്ന വർ അന്തം വിട്ടു പോകും. ചില ദിവസങ്ങളിൽ രാവിലെ ഏഴുമണി മുതൽ വൈകിട്ട് എട്ടു മണിവരെ യുള്ള പരിപാടികളിൽ വിശ്രമമില്ലാതെ പങ്കെടുക്കുവാൻ തിരുമേനിക്ക് മടിയില്ല. മൂന്നു വർഷങ്ങൾക്ക് മുമ്പ് എറണാകുളത്ത് ഒരു പരിപാടിയിൽ പങ്കെടുത്തു മടങ്ങുമ്പോൾ തിരുമേനിക്ക് ബോധകേടു ണ്ടായതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രണ്ടു മൂന്നു ദിവസത്തെ ആശുപത്രി വാസത്തിന് ശേഷം തിരുമേനി തിരികെ മാരാമണ്ണിൽ വന്നു. ഒരു മാസത്തെ വിശ്രമം നിർദ്ദേശിച്ചാണ് ഡോക്ടറന്മാർ തിരു മേനിയെ താമസസ്ഥലമായ മാരാമണ്ണിലേക്ക് വിട്ടിരിക്കുന്നുത്. ഗുരുതരാവസ്ഥ മനസ്സിലാക്കി തിരുമേനി യുടെ അനന്തരവൾ ഹൈദ്രബാദിൽ നിന്നും ശുശ്രൂഷിക്കുവാൻ വന്നിട്ടുണ്ട്. ക്ഷേമമന്വേഷണത്തിനായി ഞാൻ തിരുമേനിയുടെ വീട്ടിൽ ചെന്നു. ഞാൻ ചെന്നപ്പോൾ യൂണിവേഴ്സിറ്റി പ്രഫസർ കൂടിയായ അന ന്തരവൾ വിശ്രമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയായിരുന്നു എന്നു തോന്നി. തിരുമേനിയുടെ ആരോഗ്യവിവരങ്ങളെല്ലാം തിരക്കിയതിന് ശേഷം ഞാനും ഒരുപദേശം കൊടുത്തു. ''തിരു മേനി ഒരു ദിവസം രണ്ടു പ്രോഗ്രാമിൽ കൂടുതൽ എടുക്കരുത്.'' തിരുമേനി ഒരു നാടൻ പ്രയോഗത്തിലൂടെ എന്നെ നേരിട്ടു. ''സാറൊന്ന് ചുമ്മാതിരിക്ക്. ഞാൻ എന്ത് കൊണ്ടാണ് ഈ വയസു കാലത്തും സന്തോ ഷവാനായി ജീവിക്കുന്നതെന്നറിയാമോ? ജനത്തെ കാണുന്നത് എനിക്ക് ഇഷ്ടമാണ്. അവരുടെ സന്തോ ഷത്തിലും ദുഃഖത്തിലും പങ്കു ചേരുന്നത് എന്റെ ജീവിതത്തിന് സന്തോഷം നൽകുന്ന വേളയാണ്. വിളി ക്കുന്ന എല്ലാ പരിപാടികളിലും ഞാൻ പോകും. ചില പരിപാടികളിൽ എന്നെ വിളിച്ചില്ലെങ്കിലും പോകേ ണ്ടത് യുക്തമാണെന്ന് തോന്നിയാൽ ഞാൻ പോകും. അത് മാത്രമല്ല, ഞാൻ പങ്കെടുക്കുന്ന പരിപാടിക ളിൽ എന്നെ സ്വാഗതം ചെയ്തു കൊണ്ട് ഒരു പ്രസംഗമുണ്ട്. അതൊന്ന് കേൾക്കേണ്ടത് തന്നെയാണ്. എനിക്ക് ഇല്ലാത്തതും ഉള്ളതുമായ എല്ലാ മേന്മകളും സ്വാഗത പ്രസംഗകൻ തട്ടിവിടും. സാറെ ഇത് കേൾക്കു ന്നത് എനിക്ക് ഒരു സന്തോഷമാണ്. പറയുന്ന പകുതിയും സത്യമല്ലാത്തതിനാൽ സ്വാഗത പ്രസംഗകൻ സ്വർഗത്തിൽ പോകത്തില്ലായെന്ന് എനിക്കറിയാം. പക്ഷേ എനിക്ക് അതൊരു ആവേശമാ സാറേ''.
എന്റെ ഡിമാൻഡ് പിൻവലിക്കുന്നതാണ് നല്ലതെന്ന് തോന്നി. ഞാൻ വിഷയം മാറ്റി. ''തിരുമേനി എന്നാ ഇനിയും പരിപാടികൾക്ക് പോയി തുടങ്ങുന്നത്''. അനന്തിരവളെ ചൂണ്ടിക്കാണിച്ചു കൊണ്ട് തിരുമേനി പറഞ്ഞു. ''ഇവൾ അടുത്ത ബുധനാഴ്ച പോകും. വ്യാഴാഴ്ച മുതൽ.''

തിരുമേനിയോടൊപ്പം പല പരിപാടികളിലും പോകുമ്പോൾ ഇത് ശരിയാണെന്ന് കൂടുതൽ ബോദ്ധ്യ മായി. മറ്റ് സമുദായങ്ങളുടെ പരിപാടികളിൽ പങ്കെടുക്കുമ്പോൾ സ്വാഗത പ്രസംഗകൻ എവിടെനിന്നെ ങ്കിലും ശേഖരിക്കുന്ന വിവരങ്ങൾ പൊടിപ്പും തൊങ്ങലുമൊക്കെ ചേർത്തു പറയുമ്പോൾ വസ്തുതാപര മായ തെറ്റ് പറ്റാറുണ്ട്. പക്ഷേ തിരുമേനി അത് ആസ്വദിച്ചു കേൾക്കും. അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്നും സ്വാഗത പ്രസംഗത്തിൽ നിന്നും കിട്ടുന്നതായ വിവരങ്ങളുപയോഗിച്ച് അവരുടെ പ്രവർത്തനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയെ അഭിനന്ദിക്കും. അവർക്കും സന്തോഷം. തിരുമേനിക്കും സന്തോഷം. വിശ്രമ ജീവിതമാണെന്ന് തെറ്റിദ്ധരിച്ച് ഒതുങ്ങി കൂടി കഴിയാതെ ബഹുജനങ്ങളുമായി വിവിധ തലത്തിൽ ബന്ധ പ്പെട്ടു അവരെ പ്രോത്സാഹിപ്പിക്കുക. റിട്ടയാർമെന്റ് ജീവിതം സന്തോഷമാകുവാൻ ചെയ്യേണ്ട ആദ്യത്തെ

കാര്യം ഇതാണ്. ജനത്തെ അഭിമുഖീകരിക്കുക. നല്ലത് പറയുക. അവർക്ക് സന്തോഷവും നിങ്ങൾക്ക് ദീർഘായുസും.

ക്രിസോസ്റ്റം തിരുമേനിയുടെ ഡ്രൈവറാണ് എബി. വണ്ടിയോടിക്കുക മാത്രമല്ല, തിരുമേനിയുടെ എല്ലാ കാര്യങ്ങളും നോക്കി നടത്തുന്നതും നാല്പതു വയസിനടുത്തുള്ള എബിയാണ്. ഒരു ദിവസം കാർ വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ തിരുമേനി എബിയെ വിളിച്ചു. എബി തിരുമേനിയുടെ അടുക്കൽ ചെന്നപ്പോൾ തിരുമേനി ചോദിച്ചു: എബി, എടാ നിന്റെ കാലശേഷം എന്റെ വണ്ടി ആര് ഓടിക്കും. തമാശ കേട്ട് എബി ചിരിച്ചു.

തിരുമേനിയുടെ ജന്മദിനാഘോഷങ്ങൾക്ക് ആശംസ നേരുന്നവർ ഇപ്രകാരം പറയുമായിരുന്നു. തിരുമേനി നൂറു വയസ് വരെ ദീർഘായുസോടെയിരിക്കട്ടെ. തിരുമേനി മറുപടി പറയുമ്പോൾ പറയും. എന്റെ പിതാവ് 105 വയസ്സ് വരെ ജീവിച്ചു. അത്രയും കാലമെങ്കിലും ജീവിക്കുവാൻ നിങ്ങളനുവദിക്കുകയില്ലേ?.

അത്യാസന നിലയിലാണ് 2018 ൽ ഒരു ദിവസം തിരുമേനിയെ ഫെലോഷിപ്പ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ചികിത്സയെല്ലാം കഴിഞ്ഞ് ഡിസ്ചാർജ് ചെയ്തു വീൽ ചെയറിൽ കാറിലോട്ട് കൊണ്ടു പോകുമ്പോൾ ലേഡി ഡോക്ടർ തിരുമേനിയോട് ഒരു കുശലം ചോദിച്ചു. ‘‘തിരുമേനിയുടെ കഴുത്തിലിടുന്ന മാലകളിൽ ഒന്നെനിക്ക് തരാമോ. ഞാൻ മാരാമണ്ണിൽ വന്നു വാങ്ങിക്കൊള്ളാം’’.(തിരുമേനിക്ക് വിവിധ തരത്തിലുള്ള മാലകളുണ്ട്. ഓരോ പ്രാവശ്യവും അവ മാറിമാറി ഉപയോഗിക്കും.) തിരുമേനിയുടെ മറുപടി. ‘‘തരാം. പക്ഷേ പെൺ കേസിൽ കുറേ വൈദികരെയും ഒരു ബിഷപ്പിനെയും പൊലിസ് അറസ്റ്റ് ചെയ്ത കാര്യമറിയാമല്ലോ. പിന്നീട് പോലിസിന്റെ മുമ്പിൽ തെളിവായി കൊടുത്തേക്കരുത്’’.

2019 തുടക്കം മുതൽ തിരുമേനി ഫെലോഷിപ്പ് ആശുപത്രിയിലാണ്. മുഴുവൻ സമയവും കട്ടിലിൽ കണ്ണടച്ചു കിടക്കുകയാണ്. സന്ദർശകർക്ക് ഉറങ്ങുന്ന തിരുമേനിയെ കാണാനേ സാധിക്കൂ. കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവല്ലായിൽ ഒരു പരിപാടിയിൽ വന്നപ്പോൾ മാത്യു ടി തോമസ് എം എൽ എ, ക്രിസോസ്റ്റം തിരുമേനി ക്ഷീണിതനായി ആശുപത്രിയിലാണെന്നറിയിച്ചു. കട്ടിലിൽ കിടക്കുന്ന തിരുമേനിയെ കാണുവാനാണ് മുഖ്യമന്ത്രിയും കൂടെയുള്ളവരെല്ലാമെത്തിയത്. മുഖ്യമന്ത്രി വരുന്നുവെന്നറിഞ്ഞപ്പോൾ, തിരുമേനി കുപ്പായമൊക്കെ ഇട്ട് തലയിൽ മസ്നപസായുമൊക്കയായി ഇരിക്കുന്നതാണ് കണ്ടത്. മുഖ്യമന്ത്രിയെ കണ്ടപ്പോൾ തിരുമേനി ആതിഥേയ മര്യാദയോടെ ചോദിച്ചു. ‘‘കുടിക്കുവാൻ വല്ലതും എടുക്കട്ടെ’’. മുഖ്യമന്ത്രി പറഞ്ഞു. ‘‘ഞങ്ങൾ കുടിച്ചതാ’’. തിരുമേനിയുടെ സ്വാഭാവിക മറുപടി . ‘‘കുടിച്ചിട്ട് വരുന്നവരെ ഞങ്ങളിവിടെ കയറ്റാറില്ല’’. എല്ലാവരും ചിരിച്ചു. തികച്ചും ക്ഷീണിതനാണെങ്കിലും തന്മയത്വത്തോടു കൂടി സരസമായി സംസാരിക്കുന്നുവെന്നത് അത്ഭുതകരമാണ്.

ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ ധാരണകൾ അപൂർണ്ണം

പഞ്ചാബിൽ ഗോൾഡൻ ടെമ്പിളിൽ തിരുമേനി ചെന്നപ്പോൾ തിരുമേനിക്ക് പ്രസാദം കൊടുത്തു. ദൈവത്തിന്റെ ഗിഫ്റ്റാണെന്ന് പറഞ്ഞാണ് അവർ കൊടുത്തത്. എതിർപ്പുണ്ടെങ്കിൽ കഴിക്കണ്ടായെന്നും അവർ പറഞ്ഞു. തിരുമേനി പറഞ്ഞു, “ ദൈവത്തിന്റെ ഗിഫ്റ്റാണെന്ന് നിങ്ങൾ വിശ്വസിക്കയും കഴിക്കയും ചെയ്യുന്നെങ്കിൽ ഞാനും കഴിക്കും. ഞാൻ കഴിച്ചെന്ന് മാത്രമല്ല ഞാനിവിടെ വന്ന് പ്രസംഗിക്കയും ചെയ്തു. ആരോ പറഞ്ഞു - ഈ തിരുമേനി കഴിച്ചിട്ട് മിണ്ടാതിരുന്നാൽ പോരായിരുന്നോ, വിളിച്ച് പറയേണ്ട കാര്യമുണ്ടോ- ഞാനിത് പറയുവാൻ വേണ്ടിയാണ് വാങ്ങി കഴിച്ചത്. നിങ്ങൾ ചന്തയിൽ നിന്ന് വാങ്ങുന്ന ആട്ടിറച്ചി ദൈവത്തിന് നേർന്നതാണ്. അത് വേണ്ടായെന്ന് നിങ്ങൾ പറയുമോ. ശബരിമല ശ്രീ അയ്യപ്പന്റെ മുമ്പിൽ സമർപ്പിച്ചതായ അരവണ പായസം കഴിച്ചപ്പോൾ എന്നെ വിമർശിച്ചവരോട് എനിക്ക് ചോദിക്കാനുള്ളത്, “നിങ്ങളെത്ര ദൈവത്തിൽ വിശ്വസിക്കുന്നുണ്ട് എന്നുള്ളതാണ് പ്രശ്നം. ഒരു ദൈവമേയുള്ളു. ശബരിമല അയ്യപ്പന്റെ മുമ്പിൽ സമർപ്പിച്ചതായ ഭക്ഷണം കഴിക്കരുതെന്നു പറയുമ്പോൾ നിങ്ങൾ വേറെ ദൈവമുണ്ടെന്നു സമ്മതിക്കുകയാണ്. ഒന്നിൽ കൂടുതൽ ദൈവങ്ങളുണ്ടെങ്കിൽ മറ്റൊരു ദൈവത്തിന്റെ മുമ്പിൽ വച്ചതു കഴിക്കരുതെന്നു പറയാം. 1 കൊരിന്ത്യർ എട്ടാം അദ്ധ്യായം ശരിക്കും വായിക്കണം. “താൻ വല്ലതും അറിയുന്നു എന്നു ഒരുത്തനു തോന്നുന്നു എങ്കിൽ അറിയേണ്ടതു പോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല. വിഗ്രഹാർപ്പിതങ്ങളെ തിന്നുന്നതിനെക്കുറിച്ചോ ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ലായെന്നും നാം അറിയുന്നു. ചിലർ ഇന്നു വരെ വിഗ്രഹ പരിചയം ഹേതുവായി വിഗ്രഹാർപ്പിതം എന്നു വച്ചു തിന്നുന്നു. അവരുടെ മനഃസാക്ഷി ബലഹീനമാകയാൽ മലിനമായിത്തീരുന്നു. എന്നാൽ ആഹാരം നമ്മെ ദൈവത്തോടു അടുപ്പിക്കുന്നില്ല. തിന്നാഞ്ഞാൽ നമുക്കു നഷ്ടമില്ല. തിന്നാൽ ആദായവുമില്ല.എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനർക്കു യാതൊരു വിധത്തിലും തടങ്കൽ ആയി വരാതിരിപ്പാൻ നോക്കുവിൻ” . ഇത്തരം ബലഹീനരായ, ആരോപണം ഉന്നയിച്ചവരുടെ മുമ്പിലിരുന്നു കഴിക്കരുതെന്നേ വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളു. ദൈവത്തെ, മനുഷ്യന്റെ പരിധിയിൽ ഒതുക്കുവാനോ, മനസ്സിലാക്കുവാനോ സാധിക്കില്ല. ഒരിക്കൽ നാരായണ ഗുരു ഒരമ്പലം പൂജ ചെയ്തു. അത് വലിയ എതിർപ്പുണ്ടാക്കി. അപ്പോൾ ഗുരുസ്വാമി പറഞ്ഞു. “നിങ്ങളുടേത് ബ്രാഹ്മണ ദൈവം . എന്റേത് ഈഴവ ദൈവം”. ഹിന്ദു ദൈവം, ക്രിസ്ത്യൻ ദൈവം എന്നൊന്നില്ല. ദൈവത്തെക്കുറിച്ചുള്ള എന്റെയറിവ് എന്റെ പശ്ചാത്തലവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. പി.റ്റി. പുന്നൂ

സിനെ കോടതിയിൽ വിസ്തരിച്ചപ്പോൾ ദൈവമില്ലായെന്ന് അദ്ദേഹം പറയുകയുണ്ടായി. കോടതിയിൽ നിന്നു പുറത്ത് വന്നപ്പോൾ അയാളുടെ അമ്മാച്ചൻ അവനെ ശകാരിച്ചു. " നീയെന്താ അങ്ങനെ പറഞ്ഞത്-ആ ചോദ്യത്തിന് ഉത്തരം പറയുവാൻ മനസ്സില്ലായെന്ന് പറഞ്ഞാൽ പോരായിരുന്നോ". അദ്ദേഹം ഇപ്രകാരമാണ് പ്രതികരിച്ചത്: " അച്ചായനെന്താ പറയുന്നത്. ഞാൻ ദൈവമില്ലായെന്ന് പറഞ്ഞാൽ ദൈവമില്ലാതെയാകുമോ". പി. റ്റി. പുന്നൂസിന്റെ അമ്മാച്ചൻ എന്നോട് പറഞ്ഞു, അവനെനിക്ക് നല്ലയൊരടിയാതന്നത്.ഡോ.രാധാകൃഷ്ണന്റെയഭിപ്രായത്തിൽ "Some people need only a mental image and some others need a material image. എനിക്ക് യാതൊരു വിഗ്രഹവും വേണ്ട. പക്ഷേ എന്റെ വല്യമ്മയ്ക്ക് വിഗ്രഹം വേണം". മനുഷ്യന് പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുമെങ്കിൽ അത് ദൈവമല്ല. ദൈവത്തെ പൂർണ്ണമായി ആരും മനസ്സിലാക്കിയിട്ടില്ല. ആരെങ്കിലും എനിക്ക് ദൈവത്തെ അറിയാമെന്ന് പറഞ്ഞാൽ ഞാൻ പറയും അവന് ഒന്നും അറിയില്ലായെന്ന്. പരിധികളില്ലാത്ത ദൈവത്തെ മനസ്സിലാക്കണമെങ്കിൽ മനുഷ്യൻ പരിധികളില്ലാത്തവനായി മാറണം. ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ ധാരണകൾ അപൂർണ്ണമാണ്".

തിരുമേനി രണ്ടു സംഭവങ്ങൾ ഇതിനൊടനുബന്ധിച്ച് പറയാറുണ്ടു. "സർക്കാരിന്റെ നയത്തിന്റെ ഭാഗമായ കിഴക്കൻ വനത്തിൽ ജനങ്ങളെ കൃഷിയിറക്കി താമസിപ്പിക്കുവാനനുവദിച്ചിരുന്നു. കുറെ വീട്ടുകാർ ഒരുമിച്ചു കൂടി പള്ളി പണിതു. പള്ളി പണി കഴിഞ്ഞപ്പോൾ സെമിത്തേരി വേണമെന്നായി. അതിനെതിരെ മറ്റു ചിലർ എതിർപ്പായി. ഒരു ദിവസം ഞാനവിടെ ചെന്നപ്പോൾ കുറെ സ്ഥലം സെമിത്തേരിക്കായി പ്രാർത്ഥിച്ചു വേർതിരിച്ചു ഒരു കുരിശും നാട്ടി. പ്രതിഷേധമുള്ളവർ കുരിശെടുത്തു കളയുമെന്നായി. അപ്പോൾ വിശ്വാസികൾ പറഞ്ഞു തിരുമേനി നാട്ടിയ കുരിശാണ്. എടുത്തു കളഞ്ഞാൽ ശാപമുണ്ടാകും. സുബോധത്തോടെ എടുത്തു കളയുവാൻ പേടിയായതിനാൽ ഒരു മനുഷ്യൻ പോയി ശരിക്കും മദ്യപിച്ചു. കുരിശെടുത്തു കളയുവാൻ രാത്രി യിൽ പോകുകയാണ്. നല്ല വെളിവില്ലാഞ്ഞതിനാലും മലപ്രദേശമായതിനാലും ഉരുണ്ടു വീണു തല കല്ലിൽ തട്ടി മരിച്ചു പോയി. പിറ്റെദിവസം ഈ വിഷയം അവിടെ മുഴുവൻ സംസാരവിഷയമായി. തിരുമേനി നാട്ടിയ കുരിശിളക്കിയതിനുടൻ അടികിട്ടി. ആലുവാ യൂസി കോളജിനടുത്തു ഞങ്ങൾക്കൊരു ദേവാലയം വേണം. ചുറ്റുപാടുമുള്ള ഉമ്മാച്ചികളുടെ എതിർപ്പു കാരണം നടക്കുന്നില്ല. ഞാനും പൈലിയച്ചനും കൂടി ചെന്നു ഒരു കുഴിയെടുത്തു ഒരു കല്ലു പ്രാർത്ഥിച്ചിട്ടു. കുഴി മൂടിയിട്ടു പോരുകയും ചെയ്തു. വൈകുന്നേരം വന്നപ്പോളാണ് ഉമ്മാച്ചുകളറിഞ്ഞത് ചാപ്പലിനു കല്ലിട്ട കാര്യം. അവരാമണ്ണു മാറ്റി നോക്കിയപ്പോൾ കല്ലു കിടക്കുന്നു. കല്ലെടുത്തു ദൂരെയെറിഞ്ഞു. അവർക്കൊന്നും സംഭവിച്ചില്ല. ഞാനിക്കാര്യം പട്ടക്കാരുടെ കോൺഫ്രൻസിൽ പറഞ്ഞു. അപ്പോൾ ഒരച്ചൻ പറഞ്ഞു.തിരുമേനി ഇനിയും പറയുമ്പോൾ ആദ്യത്തേതെ പറയാവു. രണ്ടാമത്തെ സംഭവം പറയരുത്. ജനത്തെ ഭയപ്പെടുത്തി കഴിയുന്നതിലാ നമുക്കെല്ലാം താല്പര്യം".

മറ്റ് മത വിഭാഗങ്ങളുമായി സംവാദത്തിൽ ഏർപ്പെടുവാൻ വിസമ്മതിക്കുന്ന ചില ക്രൈസ്തവരുണ്ട്. സകല സത്യത്തിന്റെയും ഉടമസ്ഥത തങ്ങളുടെ കൈയിലാണെന്നവർ കരുതുന്നു. തങ്ങളുടെ ധാരണകൾക്കും വിശ്വാസത്തിനും പുറത്തുള്ളതെല്ലാം തെറ്റാണെന്നും ഇവർ കരുതുന്നു. ഇത്തരക്കാരെക്കുറിച്ച് ക്രിസോസ്റ്റം തിരുമേനിക്ക് ഒരു കഥയുണ്ട്. കേരളത്തിൽ നിന്ന് ഒരുപദേശി സ്വർഗത്തിൽ ചെന്നു. ദൈവം തമ്പുരാൻ സ്വർഗത്തിൽ കൊണ്ടു പോയി എല്ലാം കാണിച്ചു കൊടുത്തു. അവസാനം നോഹയെ പരിചയപ്പെടുത്തി. നോഹ അന്നുണ്ടായ വെള്ളപ്പൊക്കവും അതിനിടയാക്കിയ സാഹചര്യങ്ങളുമെല്ലാം വിശദീകരിച്ചു. ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്ന ഉപദേശി ഇടയ്ക്ക് കയറിപ്പറഞ്ഞു, വല്യപ്പച്ചാ അങ്ങ് പറയുന്നത് പോലെയല്ല കാര്യങ്ങൾ നടന്നത്. അങ്ങ് പറയുന്നതിൽ ചില തെറ്റുകൾ ഉണ്ട്. ഇത് കേട്ട നോഹ വാപൊളിച്ചിരുന്നു പോയി. താൻ നേരിട്ട് ഇടപെട്ട കാര്യങ്ങൾ പതിനായിരത്തിൽ പരം വർഷങ്ങൾക്ക് ശേഷം ജനിച്ച ഉപദേശി പറയുന്നു ആ രീതിയിലല്ല കാര്യങ്ങൾ നടന്നതെന്ന്. തിരുമേനി തുടർന്ന് പറഞ്ഞു- നമ്മുടെ അറിവ് പരിമിതമാണെന്ന് നാം മനസ്സിലാക്കണം. ഏതാ ശരി ഏതാ തെറ്റെന്ന് പരിമിതികളുള്ള മനുഷ്യന് വിധിക്കാനാവില്ല.

വേദപുസ്തകം

വേദപുസ്തകത്തിന്റെ വള്ളിക്കും പുള്ളിക്കുമല്ല പ്രാധാന്യം. വേദപുസ്തകത്തിന് പ്രാധാന്യമുണ്ടാകുന്നത് യേശുക്രിസ്തുവിനെക്കുറിച്ച് ലഭിക്കാവുന്ന മേജർ സോഴ്സായതിനാലാണ്. ഇന്ന് യേശുവിനെക്കുറിച്ചറിയുവാൻ വേദപുസ്തകമാണ് പ്രധാനമായും സഹായിക്കുന്നത്. ഞാൻ വേദപുസ്തകത്തിലെ എല്ലാ പുസ്തകത്തിനും ഒരേ രീതിയിലുള്ള പ്രാധാന്യം കൊടുക്കത്തില്ല. സുവിശേഷങ്ങൾക്ക് കൊടുക്കുന്ന പ്രാധാന്യം പൗലോസിന്റെ ലേഖനങ്ങൾക്ക് കൊടുക്കില്ല. പൗലോസ് യേശുവിനെ നേരിട്ട് കണ്ട് എഴുതിയതല്ല. യേശുവിനെക്കുറിഞ്ഞ് കേട്ടറിഞ്ഞ കാര്യങ്ങൾക്ക് വ്യാഖ്യാനം നൽകുകയാണ് പൗലോസ് ചെയ്തത്. വേദപുസ്തകത്തെ തലയിണ കീഴിലും മറ്റും വച്ച് ആരാധിക്കുവാനുള്ള വിഗ്രഹമല്ല. വേദപുസ്തകത്തിലെ വാക്യങ്ങൾ പലരും വ്യാഖ്യാനിക്കുന്നത് കേട്ടിട്ടുണ്ട്. അക്കരയ്ക്ക് പോകാമെന്ന് യേശു പറഞ്ഞു. അക്കര-സ്വർഗമാണ്. ജലത്തിൽ മീനുള്ളത് പോലെ അനവധി ജീവിതങ്ങളെ കടന്നു വേണം സ്വർഗത്തിൽ പോകുവാൻ. യേശു അക്കരയ്ക്ക് പോകുകയെന്നതിന് പറഞ്ഞതിന് ആ അർത്ഥം മാത്രമേയുള്ളു. എന്തെല്ലാം വ്യാഖ്യാനങ്ങളാണ് കൊടുക്കുന്നത്. ഇത് വ്യക്തമാക്കുവാൻ തിരുമേനി ഒരു സംഭവം പറയുന്നു . "ഈയിടെ എന്നെ ഒരു പയ്യൻ വന്ന് ഒരു പ്രസംഗത്തിന് വിളിച്ചു കൊണ്ടു പോയി. എനിക്ക് സമയമില്ലായിരുന്നുവെ

ങ്കിലും പയ്യന്റെ നിർബന്ധത്തിന് വഴങ്ങിയാണ് പോയത്. പ്രസംഗം കഴിഞ്ഞ് പയ്യൻ പറഞ്ഞു. - തിരുമേനി, അടി പൊളി പ്രസംഗമായിരുന്നു.എനിക്കങ്ങ് സങ്കടമായിപ്പോയി. ഞാനവനോട് പറഞ്ഞു. എനിക്ക് സമയമില്ലാഞ്ഞിട്ടും നിന്റെ നിർബന്ധത്തിന് വഴങ്ങിയാണ് വന്നത്. ഇപ്പോൾ നീ പറയുന്നു - എന്റെ പ്രസംഗത്തിന്റെ അടി പൊളിഞ്ഞു പോയെന്ന്. അപ്പോൾ അവൻ പറഞ്ഞു. തിരുമേനി ഉഗ്രൻ പ്രസംഗങ്ങൾക്ക് ഞങ്ങൾ അടിപൊളിയെന്നാ പറയുന്നതെന്ന്. സത്യം പറയട്ടെ ഞാൻ അന്നാ വാക്ക് പഠിച്ചത്. അടി പൊളിയെന്നാൽ -മേന്മയേറിയത്, ഗുണമുള്ളത്, ഗംഭിരം,'' വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഓരോ വാചകത്തിനും അന്നത്തെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക തലവുമായി ബന്ധമുണ്ട്. അത് മനസ്സിലാക്കി വേണം വ്യാഖ്യാനിക്കുവാൻ.

യേശുവിനെക്കുറിച്ചുള്ള ഇന്നു ലഭിച്ചിട്ടുള്ളതിൽ വച്ചേറ്റവും മികച്ച ആധികാരിക രേഖയാണ് വേദപുസ്തകം. ഇത് മാത്രമേയുള്ളു എന്നു പറയുവാൻ സാധിക്കില്ല.വേദപുസ്തകവും നിഖ്യവിശ്വാസ പ്രമാണവും പാരമ്പര്യവുമെല്ലാം ആധാരമായി വരും. കാരണം യേശുക്രിസ്തു തിരുത്തേണ്ടത് മാത്രമെ തിരുത്തിയുള്ളു. യേശുക്രിസ്തു ഒരു പുതിയ സഭ സ്ഥാപിച്ചില്ല.വേദപുസ്തകം എങ്ങനെയുണ്ടായി. സഭയാണ് ഏതൊക്കെ പുസ്തകങ്ങൾ വേണമെന്ന് നിശ്ചയിച്ചത്. കിഴക്കൻ സഭകൾ വെളിപാട് പുസ്തകം ഇപ്പോഴും അംഗീകരിച്ചിട്ടുണ്ട് എന്നെനിക്ക് തോന്നുന്നില്ല.അപ്പോക്രിഫായും കൂടി ചേർത്തടിക്കുവാൻ വന്നപ്പോൾ വലിയ എതിർപ്പ് വന്നു.

ഇന്ന് ചില നവീകരണങ്ങൾ നടക്കേണ്ടതാവശ്യമാണ്. വാക്കുകളുടെ അർത്ഥം തന്നെ പലതും മാറിക്കൊണ്ടിരിക്കയാണ്. പണ്ടൊക്കെ നമ്മൾ പറഞ്ഞത് ആത്മാവിന്റെ രക്ഷയെക്കുറിച്ചായിരുന്നു. ഇന്ന് ആത്മാവിനെക്കുറിച്ചും രക്ഷയെക്കുറിച്ചുമുള്ള നമ്മുടെ ധാരണകൾ മാറി. ലോകം മനുഷ്യന്റെ ആവശ്യമാണ്. പണ്ട് ആത്മാവായിരുന്നു മനുഷ്യന്റെയാവ്ശ്യം. നമ്മുടെ കാഴ്ചപ്പാടുകൾ പലതും മാറിക്കൊണ്ടിരിക്കയാണ്. ലോകമെന്ന് പറഞ്ഞാൽ ഈ മണ്ണെന്നാ വിചാരിച്ചിരുന്നത്. ഇന്നത് ലോകത്ത് നടക്കുന്ന എല്ലാ യാഥാർത്ഥ്യങ്ങളുമതിൽ ഉൾപ്പെടും.The whole reality which helps you and makes you to be what you are. പണ്ട് ശരീരം ആത്മാവ് എന്നിവ മാത്രമേയുള്ളു മനുഷ്യന് എന്നായിരുന്നു ധാരണ. ഇന്ന് മനുഷ്യന് സമുഹമുണ്ട്. വൈകാരിക ഘടകങ്ങളുണ്ട്.രക്ഷ സമൂഹവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. എനിക്ക് തന്നെ രക്ഷയില്ല

മാനസാന്തരം

സ്വർഗത്തിലുള്ള പിതാവിന്റെ പൂർണ്ണതയിലേക്കുള്ള വളർച്ചയാണ് രക്ഷ. അതുകൊണ്ട് രക്ഷിക്കപ്പെട്ട ക്രിസ്ത്യാനിയെന്ന പ്രയോഗം ഞാനംഗീകരിക്കയില്ല. രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനിയെന്നേ പറയാവു. ദൈവത്തിന്റെ പൂർണ്ണതയിലേക്കുള്ള വളർച്ചയാണ് ഓരോ ക്രിസ്ത്യാനിയെയും രക്ഷയിലേക്ക് നയിക്കുന്നത്. വളരെ ക്രിയേറ്റിവ് ആയിരുന്ന മനുഷ്യനെ ഒരിക്കൽ ഒരു ഉപദേശി പിടികൂടി. ലോകത്തിൽ താൻ പറയുന്നത് മാത്രമാണ് തിരുവചനമെന്ന് കരുതുന്ന ഉപദേശി. ഉപദേശി പറഞ്ഞു. നിങ്ങൾ ഇപ്പോൾ ചെയ്യുന്ന രീതി മാറണം. നിങ്ങൾ ഇത് ചെയ്യരുത്, ഇങ്ങനെ പ്രവർത്തിക്കരുത്, അങ്ങനെ ചെയ്യരുത്..........എല്ലാം പാപം. വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും മാത്രം ചെയ്യുക. ആ നല്ല മനുഷ്യൻ ഉപദേശി പറഞ്ഞതു പോലെ മാനസാന്തരപ്പെട്ടു സമുഹത്തിന് പ്രയോജനമില്ലാത്തവനായി മാറി. വേദപുസ്തകം വായിച്ചിട്ട് വീട്ടിലെ അറയിൽ മാത്രം കഴിഞ്ഞു കൂടി. ഇത് മാനസാന്തരമല്ല. വേദപുസ്തകം ശരിയായി പഠിക്കുക. അർത്ഥം ഗ്രഹിക്കുക, സമൂഹത്തിലേക്ക് ഇറങ്ങുക. മനുഷ്യരാശിയുടെ നന്മക്കായി പ്രവർത്തിക്കുക.

ക്രിസ്ത്യാനികളും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം മാത്രമല്ല തിരുമേനി ഉദ്ദേശിക്കുന്നത്. ഒരു മാനസാന്തരപ്പെട്ട ക്രിസ്ത്യാനി ഒരു വർഷം പത്ത് അക്രൈസ്തവ ഭവനങ്ങൾ സന്ദർശിച്ച് അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളിയാകണം. മറ്റുള്ളവർക്ക് നന്മചെയ്ത് ജീവിക്കകയെന്നത് ഒരു മാനസാന്തരപ്പെട്ട ക്രിസ്ത്യാനിയുടെ കടമയാണ്. അവനെ ക്രിസ്ത്യാനിയാക്കുവാനല്ല. ആ വീട്ടുകാരുമായി സ്നേഹബന്ധം ഉണ്ടാക്കുവാനാണ്. വർഷത്തിൽ ഏറ്റവും കുറഞ്ഞത് മൂന്നു തവണയെങ്കിലും സന്ദർശിച്ച് ബന്ധങ്ങൾ നിലനിർത്തുകയും വേണം.തിരുമേനിയുടെയടുക്കൽ ഞാനിരിക്കുമ്പോൾ അനവധി പേർ പല പരിപാടികൾക്ക് വിളിക്കുവാൻ വരും. അവർക്കെല്ലാം തിരുമേനി ഒരു ദൂത് കൊടുത്തെ വിടുകയുള്ളു. ചിലർ വന്നിട്ട് തിരുമേനിയെ പരിപാടിക്ക് കിട്ടത്തില്ലായെന്നറിഞ്ഞാൽ പിന്നെ ഉടനെ സ്ഥലം വിടുവാൻ നോക്കും. തിരുമേനി അവരെ വിടുകയില്ല. ഒരു കൂട്ടർ പോയിക്കഴിഞ്ഞപ്പോൾ എന്നോട് പറഞ്ഞു :*ഇവർ ബുദ്ധിമാന്മാരായ ചെറുപ്പക്കാരാണ്. അവർക്ക് പണം ഉണ്ട്. അതു കൊണ്ട് അവരെ ചിന്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന രീതിയിലാണ് ഞാൻ സംസാരിച്ചത്. അവരുടെ പ്രവർത്തനങ്ങൾ ഒറ്റപ്പെട്ട സ്റ്റെഡിയല്ലാത്ത പ്രവർത്തനങ്ങളാ. സംഭാഷണത്തിലൂടെ ഞാനവരെ അതു ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കയായിരുന്നു. അവരുടെ കഴിവുകൾ സമൂഹത്തിന്റെ നന്മക്കവർ ഉപയോഗിക്കണം. ആരെന്റെയടുക്കൽ വന്നാലും അവർക്ക് പുതിയ സാമൂഹിക ദർശനം നൽകുവാൻ ശ്രമിക്കും. അവർക്കൊരു ദൂത് കൊടുക്കുകയെന്നത് എന്റെ ദൗത്യമാണ്.-*

രോഗശാന്തി കൺവൻഷനുകൾ

പലതും കളിപ്പീരാണ്. കൊട്ടാരക്കര ഒരു സായിപ്പ് പ്രസംഗിക്കുവാൻ വന്നു. അദ്ദേഹം പറഞ്ഞു: ഞാൻ പ്രാർത്ഥിച്ചാൽ എല്ലാവർക്കും രോഗം സൗഖ്യമാകയില്ല. സൗഖ്യമാകുമായിരുന്നെങ്കിൽ കൊട്ടാരക്കര

സർക്കാർ ആശുപത്രിയിലോട്ടു ചെന്നു ഞാൻ പ്രാർത്ഥിച്ചാൽ എല്ലാവരും ആശുപത്രി വിട്ടു വീട്ടിൽ പോകുമായിരുന്നു. രോഗി കൂടി സഹകരിച്ചാലേ രോഗം സൗഖ്യമാകൂ. എനിക്ക് ഹെർപീസിന്റെ അസുഖമുണ്ടായി. ഡോക്ടർ വന്നിട്ടു പറഞ്ഞു തിരുമേനി ഇതിനു പ്രത്യേക മരുന്നു ഇല്ല. നല്ല വേദനയാണ്. പന്ത്രണ്ട് ദിവസം കഴിയുമ്പോൾ തന്നെ കുറയും. ഞാനൊരു മരുന്നു തരാം. അതുവേദന കുറയ്ക്കുവാനുള്ളതാണ്. പിറ്റെ ദിവസം ഒരായുർവേദ ഡോക്ടർ വന്നു. അദ്ദേഹം ഒരെണ്ണ തന്നു. അതു തേച്ചു ചൂടു വെള്ളത്തിൽ കുളിക്കുവാൻ പറഞ്ഞു. പിന്നീട് ഒരു ഹോമിയോ ഡോക്ടർ വന്നു.അദ്ദേഹവും കുറച്ചു ഗുളിക തന്നു. പതിനൊന്നാം ദിവസം സി എം വറുഗീസച്ചൻ വന്നു. രോഗശാന്തി വരമുള്ളയച്ചനാണ്. അച്ചനെ കണ്ടപ്പോൾ ഞാൻ പറഞ്ഞു. അച്ചാ അച്ചന്റെ കാര്യം സത്യത്തിൽ ഞാനങ്ങു മറന്നു പോയി. അച്ചൻ പ്രാർത്ഥിച്ചു. അടുത്ത ദിവസം രോഗം സൗഖ്യമായി. ആദ്യത്തെ ഡോക്ടർ പന്ത്രണ്ട് ദിവസം കഴിയുമ്പോൾ രോഗം സൗഖ്യമാകുമെന്നു പറഞ്ഞതാണ്. ചികിത്സിച്ചവരെല്ലാം പറഞ്ഞു: ഞാൻ ചികിത്സിച്ചതു കൊണ്ടാണ് തിരുമേനി സൗഖ്യമായത്. രോഗശാന്തി കൺവൻഷനെക്കുറിച്ചു കാര്യമായ പഠനമൊന്നും ഞാൻ നടത്തിയിട്ടില്ല. തിരുവനന്തപുരത്തു ഞാൻ അച്ചനായിരിക്കുമ്പോൾ രോഗശാന്തി കൺവൻഷൻ നടന്നു. അതിന്റെ സംഘാടകൻ എന്റെ സ്നേഹിതനായിരുന്നു. ഞാനദ്ദേഹത്തോടു പറഞ്ഞു ഈ കൺവൻഷൻ മുഖാന്തരം രോഗം സൗഖ്യമായ മൂന്നു പേരുടെ പേരു തരണമെന്നു പറഞ്ഞിരുന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഞാനയാളെ വിളിച്ചു. അദ്ദേഹം പറഞ്ഞു തിരക്ക് കാരണം സാധിക്കാതെ പോയി. ഒരു മാസം കഴിഞ്ഞു അദ്ദേഹം വിളിച്ചു പറഞ്ഞു, രോഗസൗഖ്യം ശാരീരിക സൗഖ്യത്തേക്കാളുപരി മനസ്സിന്റെ സുഖമാണ്.രോഗശാന്തി എന്താണെന്നു സഭ വേണ്ട രീതിയിൽ പഠിപ്പിക്കുന്നില്ല.

കൺവൻഷനുകൾ

കൺവൻഷനുകളിൽ വചനം പഠിപ്പിക്കണം. കാര്യങ്ങളോടുള്ള സമീപനരീതി മാറുവാൻ ജനങ്ങളെ പ്രേരിപ്പിക്കണം. യേശുവിന്റെ പഠിപ്പിക്കലുകൾ *കമാൻഡ്മെൻസായിരുന്നില്ല. ഡിറക്ടീവ്സായിരുന്നു*.കൺവൻഷനുകളിൽ പുതിയ ഉൾക്കാഴ്ച ലഭിക്കുവാൻ സാധിക്കണം.രണ്ടാമതു ഇതൊരു കൂട്ടായ്മയാണ്. ബന്ധങ്ങൾ യഥാസ്ഥാനപ്പെടുത്തുവാനുള്ളയവസരമാണ്. ഒരുമിച്ചു കൂടി വരുന്നതിൽ കൂടി അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ കൂടി തകർന്ന ബന്ധങ്ങൾ യഥാസ്ഥാനപ്പെടുവാനും പുതിയ ബന്ധങ്ങളുണ്ടാകുവാനും കൺവൻഷനുകൾ സഹായിക്കും. ഇന്നു കൺവൻഷനുകൾ തെറ്റായ ശൈലിയിൽ കൈകാര്യം ചെയ്യപ്പെടുന്നുണ്ട്. വചനം പഠിപ്പിക്കുന്നതിലൂടെ ലോകത്തിൽ മാറ്റമുണ്ടാകണം. ദൈവത്തിനു ലോകത്തിൽ പ്രവർത്തിക്കുവാൻ ലോകത്തെ സജ്ജമാക്കുന്നതാണ് സഭയുടെ ധർമ്മം. ദൈവം ലോകത്തിലാണ് പ്രവർത്തിക്കുന്നത്.

വചനം ജനിക്കേണ്ടതു ജനങ്ങളുടെ മദ്ധ്യത്തിലാണ്. ഇന്നു വചനം ജനിക്കുന്നത് ആരുമില്ലാത്ത മണൽപ്പുറത്താണ്. എന്നിട്ടു നമ്മൾ കെ. എസ്. ആർ. ടി. സി. ബസിൽ മണൽപ്പുറത്തേക്കു ആളിനെയിറക്കുകയാണ്. യേശുവെവിടെയാണ് ജനിച്ചത് . ജനക്കൂട്ടത്തിനിടയിലാണ്. ജനക്കൂട്ടം നിമിത്തം മുറികൾ സത്രത്തിൽ ലഭിക്കാഞ്ഞതിനാലാണ് കാലിത്തൊഴുത്തിൽ ജനിക്കാനിടയായത്.

വിവാഹം

ഇഷ്ടമുള്ള പെണ്ണും ചെറുക്കനും വിവാഹം ചെയ്യുകയെന്നത് മനുഷ്യന്റെ മൗലികവകാശത്തിന്റെ ഭാഗമാണെന്നാണ് തിരുമേനിയുടെ വ്യക്തിപരമായ അഭിപ്രായം. ''ഒരുത്തന് ഇഷ്ടമുള്ള പെണ്ണിനെ കെട്ടണമെങ്കിൽ ജാതിയുടെയും മതത്തിന്റെയും സഭകളുടെയും വേലിക്കെട്ടുകൾ കടന്നാലെ പറ്റുകയുള്ളു. വിവാഹം സൃഷ്ടിയുടെ ആവശ്യമാണ്. കുർബാന വിശ്വാസികൾക്ക് വേണ്ടി മാത്രമുള്ളവതാണ്. വിവാഹം അങ്ങനെയല്ല''.തിരുമേനിയുടെ ഈ അഭിപ്രായത്തിന് സഭയിൽ നിന്ന് പിന്തുണ കിട്ടാത്തതുകൊണ്ടും സഭയുടെ നിലവിലുള്ള അച്ചടക്കത്തിന് വിരുദ്ധമായതിനാലും തിരുമേനി അത് പൊതുവേദികളിൽ പറയുവാൻ താല്പര്യപ്പെടുന്നില്ല

കൂദാശകളും സുവിശേഷ വേലയും

കൂദാശ എന്ന് പറയുന്നത് It is an expression of the redeeming love of God. ജീവിതം മുഴുവൻ അതായിരിക്കണം. കൂദാശകൾ അനുഷ്ഠിക്കേണ്ടത് പള്ളിയിൽ മാത്രമല്ല. Life is a sacrament .മുഴുവൻ സമയവും നമ്മൾ പള്ളിയിലല്ലല്ലോ? ഇംഗ്ലണ്ടിൽ ഒരു ആംഗ്ലിക്കൻ ബിഷപ്പ് ആരാധന കോമ്പൗണ്ടിൽ നടത്തുകയും അതിനിടയിൽ കിഴങ്ങുകൾ നടുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടു. കിളയ്ക്കുന്നത് ആരാധനയുടെ ഇടയിലാണ്. ആരാധനയുടെ ഭാഗമായി ഇതിനെ കാണാം. ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു അപ്പോക്രിഫൽ കഥയിൽ ശബ്ബത്തിൽ കിളച്ച മനുഷ്യനോട് ക്രിസ്തു പറയുന്നു Blessed are you if you know what you are doing നീ കിളയ്ക്കുന്നത് എന്നെ കളിയാക്കാനാണങ്കിൽ ഗുണമില്ല. എന്നാലത് ദൈവത്തോടുള്ള നിന്റെ അനുസരണത്തിന്റെ ഭാഗമായിട്ടാണെങ്കിൽ നല്ലത്. അതിനാൽ ആരാധനക്രമം ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കണം.സുവിശേഷീകരണത്തെക്കുറിച്ച് നമ്മുടെ ധാരണ മാറണമെന്ന് തിരുമേനി പറയുന്നു.ഇന്ന് നാം സുവിശേഷീകരണമെന്ന് പറയുന്നത് ആളുകളെ സഭയോട് ചേർക്കുന്നതിനെയാണ്. എന്നാൽ ആളുകളെ ദൈവത്തോട് ബന്ധപ്പെടുന്നതിനെയാണ് ഞാൻ സുവിശേഷീകരണമെന്ന് പറയുന്നത്. സഭ Church planting നടത്തുകയല്ല വേണ്ടത്. അംഗസംഖ്യ കൂട്ടുവാനല്ല, ദൈവരാ

ജ്യമൂല്യങ്ങൾ പ്രഘോഷിക്കുവാനാണ് ശ്രമിക്കേണ്ടത്. മതപരിവർത്തനത്തോടുള്ള എതിർപ്പെല്ലാം രാഷ്ട്രീയപരമാണ്. വിധേയത്തം നഷ്ടപ്പെടുമെന്നുള്ള ഭയം കൊണ്ട്. ഒരിക്കൽ പ്രസിദ്ധ പത്രപ്രവർത്തകനായ അരുൺ ഷൂരി പറഞ്ഞു. "If you want to be a good Christian you must listen to the understanding of Christianity from a person who has never been a Christian"

ക്രിസോസ്റ്റം തിരുമേനി ആരായിരുന്നുവെന്ന് ലോകം അറിയണമെന്നാ, തിരുമേനി ആഗ്രഹിക്കുന്നതെന്ന് ചോദിച്ചാൽ തിരുമേനി ഇപ്രകാരം പറയും. ഒന്ന്, ക്രിസോസ്റ്റം തിരുമേനിയുടെ അപ്പനും അമ്മയും തിരുമേനിയേക്കാൾ നല്ലവരായിരായിരുന്നു. രണ്ട്, തിരുമേനിയുടെ സഹോദരന്മാരും സഹോദരികളുമെല്ലാം നല്ല സ്നേഹമുള്ളവരായിരുന്നു. മൂന്ന്, തിരുമേനി ഒരു ദൈവ വിശ്വാസിയായിരുന്നു. ഞങ്ങളൊക്കെ വിചാരിക്കുന്ന രീതിയിലല്ല തിരുമേനി ദൈവത്തെ മനസ്സിലാക്കിയിരുന്നത്. ദൈവത്തെ സാധാരണ ജനങ്ങൾ മനസ്സിലാക്കുന്നതിലും വ്യത്യസ്തമായി കണ്ടിട്ടുള്ള വ്യക്തിയാണ് തിരുമേനി. നാലാമത്, സഭയ്ക്ക് നേരിട്ട എല്ലാ വെല്ലുവിളികളെയും സന്തോഷത്തോടെ ഏറ്റെടുത്ത് വ്യക്തിയാണ് ക്രിസോസ്റ്റം തിരുമേനി.